Vol. 21. No. 11.

# കാർമ്മലകുസുമം

# The Flower of Carmel



ഈ മ ഔ

പ്രതിമാസപത്രിക.

November 1923.

# വിഷയവിവരണിക


| | | പേജ്. |
|---|---|---|
| 1. പഞ്ചാംഗം. | | 241 |
| 2. മാർപ്പാപ്പാമംഗളം. | ദിവ്യശ്രീ വടക്കയിൽ മത്തായി കത്തനാർ. | 243 |
| 3. പ്രസാധകക്കുറിപ്പുകൾ | | 244 |
| 4. ശുദ്ധീകരാത്മ സഹായം | റവ. മാത്യു പള്ളിപ്പുറത്തുശേരി. | 245 |
| 5. ഈയിട നടന്ന ഒരത്ഭുതം. | ശ്രീമാൻ കെ. ഇ. ചാക്കോ ബി. ഏ. | 246 |
| 6. ശ്ലേമ്മോന്റെ സുഭാഷിതങ്ങൾ. | ക. നി. മൂ. സ. മാണിക്കത്തനാർ. | 248 |
| 7. പ്രൊപ്പഗാന്ത കർദ്ദിനാളിന്റെ വേദപ്രചാരശുഷ്കാന്തി | ബ. കടവിൽ മാത്യു ശ. | 249 |
| 8. പരിശുദ്ധ സിംഹാസനത്തിന്റെ രാഷ്ട്രീയാധികാരം. | ശ്രീമാൻ കെ. സി. വക്കി ബി. ഏ. | 250 |
| 9. തിരുസഭയുടെപൊതുസൂനഹദോസുകൾ. | റവ. ഫാദർ ഗ്രിഗോരി സി. ഡി. | 252 |
| 10. അച്ചാ എനിക്കും വേദസാക്ഷിയാകണം | ശ്രീമാൻ എം. ജെ. അബ്രാഹം വാദ്ധ്യാർ വൈക്കം. | 255 |
| 11. ദിവ്യോപദേശ ശകലങ്ങൾ. | ശ്രീമാൻ ജെ. ചാക്കോ വള്ളവന്തറ. | 257 |
| 12. ക്ഷമാകുംശിന്റെ ഭക്തസഖ്യം. | ക. നി. മൂ. സ. ബ. കെറുബീൻപട്ടക്കാരൻ. | 258 |
| 13. തിരുഹൃദയ പൊതുനിയോഗം. | | 259 |
| 14. പുതിയ പ്രസിദ്ധീകരണങ്ങൾ. | | 260 |
| 15. വർത്തമാനസംഗ്രഹം. | | 261 |
| 16. മനോഗുണവിവരങ്ങൾ. സിദ്ധൌഷധക്കുറിപ്പുകൾ | | 263 |
| 17. ചരമവാർത്തകൾ, | | 264. |



## സെൻറ ആൻറനിയുടെ വണക്കമാസം

പുണ്യവാന്റെ പടത്തോടുകൂടിയതും, ലളിതമായ ഭാഷയിൽ എഴുതപ്പെട്ടതുമായ ഈ പുസ്തകത്തിനു വില അണ 6 മാത്രം. അപേക്ഷിക്കേണ്ടും മേൽവിലാസം

എച്ച്. ഡി. സിൽവാ,
അഞ്ചൽ— പെരുമാൾതുറ, ചിറയിൻകീഴ്.
തപാൽ— പെരുമാൾതുറ, ആററുങ്ങൽ.

## മാർത്തോമ്മാ ക്രിസ്ത്യാനികൾ (രണ്ടാം ഭാഗം)

റവ. ഫാദർ ബർണ്ണാർഡ് സി. ഡി. അവർകൾ എഴുതിയതു്. വില രൂപാ 1 അണ 4.

സുപ്രണ്ട് സെൻറ് ജോസഫ്സ് പ്രസ്സ്,
മാന്നാനം.

ഞായറാഴ്ച അക്ഷരം . ൭ [illegible] എപ്പകത്തി ൧൪.

# ൧൯൩൪ നവംബർ – ൧൧൧൦ തുലാം - വൃശ്ചികം.

1 16 വ്യാ ✠ സകല വിശുദ്ധർ. ന. ക. വെ. വെ.
☞ നേർച്ചക്കുർബാനകളും പ്രേതം വച്ചുകൊണ്ടുള്ള കുർബാന കൂടെയും ഇന്നു മുടക്കം. ന. ക. തിരുഹൃ. സ. അമ. മാ. സ. പൂ ദ. വി. കുമ്പസാരിച്ചു വി. കുർബാന ഉൾക്കൊണ്ടു ശുദ്ധീകരാത്മാക്കളെ സഹായിപ്പാൻവേണ്ടി ദേവാലയം സന്ദർശിച്ചു മാർപ്പാപ്പായുടെ നിയോഗപ്രകാരം പ്രാർത്ഥിക്കുന്ന സമസ്ത വിശ്വാസികൾക്കും ശുദ്ധീകരാത്മാക്കൾക്കുവേണ്ടിമാത്രം കാഴ്ചവെക്കേണ്ടതായ "തോസ്യസ് കോന്ത്യസ" ഇന്നുമുതൽ നാളെ പാതിരാവരെ പ്രാപിക്കാം. (൧൦-ാ. പീയൂസ 1914 മി. 25)
പ്ലാശനാപ്പള്ളിയിൽ വി. ത്രേസ്യാ ദർശനത്തിരുനാൾ.

2 17 വെ സകല മരിച്ചവരുടെ ഓർമ്മ ന. ആ. ക. വെ. ക.
3 18 ശ ഹില്ലാരിയോൻ ആബാ. (ഒക്ടോ. ൨൧) ന. ആ. ക. വെ. വെ.
4 19 ഞാ ✠ പന്ത. ൨൪. ന. ആ. ക. ദെന. ൨൪ [illegible] പ.
5 20 തി † യോഹ. മാംഗാ. പിതാ. സ്തേറിയാ. ന. ആ. ക. വെ. വെ.
6 21 ചൊ † അ. മെത്രാ കാർമ്മെല്ലാസ്സ. (ഈമാ ൪) ന. ആ. ക. വെ. വെ.
7 22 ബു ക. മത്താ. (ജൂലാ. ൨൯) ന. ആ. ക. വെ. വെ.
8 23 വ്യാ സകല വിശുദ്ധർ എട്ടാം. ന. ആ. ക. വെ. വെ.
9 ● 24 വെ ദിവ്യരക്ഷകന്റെ പള്ളികൂദാ. ന. ആ. ക. വെ. വെ.
10 25 ശ വേദ. ത്രുപ്പോനും കൂട്ട. ന. ആ. ക. വെ. ചു.
11 26 ഞാ ✠ പന്ത ൨൫-ാംഞാ. ന. ആ. ക. ദെന. ൫-ാംഞാ [illegible] പ.
12 27 തി പാ. വേദ. മത്തിയനാസ് ന. ആ. ക. വെ. ചു.
13 28 ചൊ † മൗ. സ്തനിസ്ലാവോസ് കോസ്കാ ന. ആ. ക. വെ. വെ.
14 29 ബു † മൗ. ദിദാക്കോസ് (ഇന്നലെ തന്നെ) ന. ആ. ക. വെ. വെ.
15 1 വ്യാ † ക. ജെർത്രുദ. ന. ആ. ക. വെ. വെ.
16 2 വെ മറിയം മഗ്ദലെനാ. (ജൂലാ. ൨൨) ന. ആ. ക. വെ. വെ.
17 3 ശ മൗ അത്ഭുതപ്രവർത്ത. ഗ്രിഗോരി. ന. ആ. ക. വെ. വെ.
18 4 ഞാ ✠ പ. ൨൬-ാം ഞാ. ന. ക. ആ. ദെന. ൬-ാംഞാ. [illegible] പ.
പ്രവിത്താനം പള്ളി മിഖായേൽ മാലാഖായുടെ ദർശനത്തിരുനാൾ.
പുന്നപ്ര വി. ഗ്രിഗോറീസ് തി. വിളക്കമാടം വി. ശെർവ്വാർ തി.

19 5 തി പാ. വേദ. പൊന്തിയാൻ. ന. ആ. ക. വെ. ചു.
20 6 ചൊ † മൗ. ഫെലിക്സ് വലൊ. ന. ആ. ക. വെ. വെ.
21 7 ബു ക. മറി. ദേവാലയപ്രവേശനം. ന. ആ. ക. വെ. വെ.
22 8 വ്യാ ക. വേദ. കിക്കിലിയാ. ന. ആ. ക. വെ. ചു.
മുത്തോലി ആശ്രമദേവാലയം നാല്പതുമണി ആരംഭം.

23 9 വെ പാ. വേദ ക്ലേമേന്തോസ്. ന. ആ. ക. വെ. ചു.
24 ◐ 10 ശ † മൗ. യോഹന്നാൻ അക്രൂസ്. ന. ആ. ക. വെ. വെ.
25 11 ഞാ ✠ പന്ത ൨൭-ാംഞാ. ന. ആ. ക. പന്ത. ൨൪. [illegible] പ.
☞ അന്ത്രയോസ് ശ്ലീ. തിരുനാൾപ്രമാ. അടുത്ത വ്യാഴം ഇ. വി.
മുത്തോലി യോഹന്നാൻക്രൂസ് തിരുനാൾ.

26 12 തി അ. വേദ. പത്രോ. അലെക്സാ. ന. ആ. ക. വെ. ചു.
27 13 ചൊ പത്രോ. പൌലോ. പള്ളികൂദാ. (ഈ ൧൮) ന. ആ. ക. വെ. ചു.
28 14 ബു ക. വേദ. കത്രീനാ. ന. ആ. ക. വെ. ചു.
നാളെ അമ. മാതാ. തിരുനാ. നവനാൾ ആരംഭിക്കുന്നു.

29 15 വ്യാ അന്ത്രയോസ് ശ്ലീഹാ തലെ. ന. ആ. ക. ത. ഇ. വി. റോ.
30 16 വെ (✠) അന്ത്രയോസ് ശ്ലീഹാ. ന. ക. വെ. ചു.
ന. ക. പിറവി തിരുനാളിന്നു ആസ്പദമായി ൧൫൦ നന്മനിറഞ്ഞ മറിയം പ്രതിദിനം ചൊല്ലി കാഴ്ചവെക്കുന്ന ഭക്തമുറ നാളെമുതൽ തുടങ്ങാം



൧൧-ാംപീയൂസ് മാൎപ്പാപ്പാ തിരുമനസ്സുകൊണ്ടു്.

# കർമ്മലകുസുമം.

പുസ്തകം ൨൧ } ൧൯൨൩ നവംബർ { ലക്കം ൧൧

## മാർപ്പാപ്പാ മംഗളം.

(സ്വാമിവിവേകാനന്ദൻ- മട്ട്.)

പല്ലവി

പാലയ, പോപ്പുരാജനെ,
കരുണ നിറഞ്ഞൊരീശാ!

അനുപല്ലവി.

പാർത്തലത്തിലേകനായ
സത്യവേദപാലകനേ നീ നാഥാ!- പാല-

ചരണങ്ങൾ.

കീർത്തിയാം ലോകമെല്ലാം,
താൻതുടങ്ങുംവിവിധജോലിയെല്ലാം
പൂർത്തിഗുണംവരുത്തി,
സത്യവേദംപരത്തി
ദുഷ്ടനാശംവരുത്തി
സുഖവുമാണ്ടുവാണിടേണേ. പാല-
സത്തമവേദശ്രേഷ്ഠൻ,
പതിനൊന്നാംപീയൂസഖ്യൻ-
പരമശിഷ്ടർ
ശാന്തിപരത്തിഭുവിൽ,
രാജ്യംഭരിച്ചുചേലിൽ
ഉത്തമവർഗ്ഗുണങ്ങൾക്ക-
ഭയമായിപാർക്കമേലിൽ. പാല..

വടക്കയിൽ മത്തായി ക.

## പ്രസാധകക്കുറിപ്പുകൾ

### നവംബർമാസം.

"മരിച്ചവർ തങ്ങളുടെ പാപങ്ങളിൽ നിന്നും മോചിക്കപ്പെട്ടുവാനായി അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു നല്ലതും രക്ഷാകരവുമായ ഒരു വിചാരമാകുന്നു." (൨. മക്കബായ XII. 46) എന്നു വിശുദ്ധലിഖിതം സാക്ഷിക്കുന്നു. അതല്ല അതു കത്തോലിക്കാസഭ പഠിപ്പിക്കുന്ന ഒരു ദുർബോധം മാത്രമാണെന്നു പ്രോട്ടസ്റ്റന്റുകാർ ആദിയായ പാഷണ്ഡികൾ ശഠിക്കുന്നു. ഇതിലേതാണ് വിശ്വസിക്കേണ്ടതെന്നു സുബോധമുള്ള മനുഷ്യരെ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. പരിശുദ്ധാത്മാവിന്റെ വചനങ്ങളെത്തന്നെ നമുക്കു നിർഭയം

വിശ്വസിച്ചു പ്രവർത്തിക്കാവുന്നതാണ്. നാം എല്ലായ്പ്പോഴും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതാണെങ്കിലും ഈ മാസത്തിൽ അതിനുലക്കുള്ള ചില പ്രത്യേക അവസരങ്ങൾ തിരുസഭ നമുക്കു കാണിച്ചുതരുന്നുണ്ട്. ആകയാൽ ഈ മാസത്തിൽ പ്രാപിപ്പാൻ പാടുള്ള നിരവധി ദണ്ഡവിമോചനങ്ങളെ പ്രാപിച്ചുകൊണ്ടും, പൂർവ്വാധികം സുകൃതകൃത്യങ്ങളെ സമർപ്പിച്ചുകൊണ്ടും, പരലോകപ്രാപ്തരായ നമ്മുടെ ബന്ധുമിത്രങ്ങളെ നാം വിസ്മരിച്ചിട്ടില്ലെന്നു കാണിക്കേണ്ടിയിരിക്കുന്നു. ഹാ! അവർ എത്രയോ ആശയോടെ ഈ മാസത്തിന്റെ ആഗമനം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു.

## ശുദ്ധീകരസ്ഥലവും

### പ്രൊട്ടസ്റ്റാണ്ടുകാരും

ഇംഗ്ലണ്ടിൽവച്ചു കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ നടന്ന ബർമിങ്ങാംകോൺഗ്രസ്സിൽ പ്രസിദ്ധ പ്രാസംഗികനായ മിസ്റ്റർ ചെസ്റ്റേർട്ടൻ ചെയ്ത ഒരു പ്രസംഗത്തിൽ "പ്രൊട്ടസ്റ്റൻറു പേപ്പട്ടികൾ" എന്ന പേരു പ്രയോഗിച്ചതിനെപ്പററി ഇംഗ്ലണ്ടിലെ പ്രൊട്ടസ്റ്റാൻറുകാരുടെയിടയിൽ വലിയ പരാതി ഉണ്ടായിട്ടുണ്ട്. "സൺഡേ എക്സ്പ്രസ്" എന്ന പത്രത്തിൽ തൽസംബന്ധമായി പ്രസിദ്ധപ്പെടുത്തിയ ഒരു പ്രതിഷേധത്തിനു മിസ്റ്റർ ചെസ്റ്റേർട്ടൻ കൊടുത്ത ദീർഘമായ മറുപടിയിൽനിന്നും ശുദ്ധീകരസ്ഥലത്തെ സംബന്ധിച്ച ഒരു ഭാഗം ഇവിടെ ഉദ്ധരിക്കുന്നു:—

പ്രൊട്ടസ്റ്റൻറുമതം ഏതാനും നിർദ്ദിഷ്ട കാരണങ്ങളെ അടിസ്ഥാനപ്പെടുത്തി സഭയോടു ചെയ്ത പ്രത്യക്ഷവും പ്രബലവുമായ ഒരു പോരാട്ടമായിരുന്നു. എന്നാൽ അവയൊന്നും ഇദാനീന്തന കാരണങ്ങളല്ല. അതു വ്യക്തങ്ങളും പ്രസ്പഷ്ടങ്ങളുമായ കാരണങ്ങളാൽ റോമായോടെതിർത്തു അതുകളാകട്ടെ, ആധുനികവാദങ്ങൾക്കു വളരെ വിപരീതവുമാണ്. ഉദാഹരണമായി പ്രൊട്ടസ്റ്റൻറുമതം ശുദ്ധീകരസ്ഥലതത്വത്തെ നിഷേധിച്ചു. പാപികൾക്കു നരകമല്ലാതെ ഒന്നുമില്ലെന്ന് ആ മതം ശഠിച്ചു. തെരഞ്ഞെടുക്കപ്പെട്ടവരല്ലാത്ത ഗുണവാന്മാർക്കുപോലും നരകമാണനുഭവമെന്നു അവരിൽ ചിലർ വാദിച്ചു. അല്ലാതെ പാപികൾക്കു ആശയുടെയും അഭിവൃദ്ധിയുടെയും ഒരു അനന്തരജീവിതത്തെ അതിനു ദർശിക്കുവാൻ കഴിഞ്ഞില്ല. ആശയുടെയും അഭിവൃദ്ധിയുടെയും അനന്തര ജീവിതത്തെപ്പററി പറയുമ്പോൾ ആശ്ചര്യപ്പെടുന്നവർ എത്രയുണ്ടെന്നു തെരുവീഥികളിലേക്കു ഇറങ്ങി നോക്കുക. ഒരുപക്ഷേ എല്ലാവരും സ്വീകരിക്കുന്ന ഒരു ഭാവിജീവിതം അതുതന്നെ ആയിരിക്കും. ശുദ്ധീകരസ്ഥലം കൂടാതെ നരകം വേണമെന്നു പ്രൊട്ടസ്റ്റൻറുമതം ആവശ്യപ്പെട്ടു. ആധുനികരാകട്ടെ നരകം കൂടാതെ ശുദ്ധീകരസ്ഥലം വേണമെന്നു പറയുന്നതിനാണു അധികം സാംഗത്യമുള്ളത്.

---

## ദൈവസ്നേഹബലി.

### അഥവാ

### കൊച്ചുത്രേസ്യായുടെ ജീവിതസംപ്രദായം.

കുസുമഗ്രന്ഥാവലി ഇരുപതാം നമ്പരായി റവ. ഫാദർ മർസ്സലീൻ സി. ഡി. എഴുതിയിട്ടുള്ള ഈ വിശിഷ്ട കൃതി കൊച്ചുത്രേസ്യായുടെ പടത്തോടുകൂടി ഉടനെ പുറത്തുവരുന്നതാണ്. കുസുമത്തിന്റെയും ഗ്രന്ഥാവലിയുടേയും വരിപ്പണം വകയിൽ കുടിശ്ശികയുള്ളവർ മണിയോർഡറായി പണം അയച്ചുതരികയോ, വി. പി. കിട്ടുമ്പോൾ സ്വദയം കൈപ്പററുകയോ ചെയ്യാനപേക്ഷ.

മാനേജർ, കർമ്മലകുസുമം.

മാന്നാനം.

# ശുദ്ധികരാത്മസഹായം.

ഉപവിക്കടുത്ത പല പ്രവൃത്തികളുള്ളതിൽ ഏററം മാഹാത്മ്യമേറിയതു ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കളെ സഹായിക്കുകയാകുന്നു. നമ്മുടെ മാദ്ധ്യസ്ഥം ആരെങ്കിലും അർഹിക്കുന്നുണ്ടെങ്കിൽ വാസ്തവത്തിൽ അതു ഈ ആത്മാക്കളാണ്. മോക്ഷഭാഗ്യം അനുഭവിക്കുന്ന വിശുദ്ധന്മാൎക്കു നമ്മുടെ സഹായം ആവശ്യമില്ല. നരകവാസികൾക്കു അതു ലഭിക്കുന്നതിനു യോഗ്യതയില്ല. എന്തെന്നാൽ അവരുടെ ശിക്ഷ നിത്യമായിട്ടുള്ളതാണ്. ലോകത്തിൽ യുദ്ധത്തിലിരിക്കുന്ന സഭയ്ക്കു- മനുഷ്യൎക്കു-പരസ്പരസഹായം ആവശ്യമാണെന്നിരുന്നാലും തങ്ങളെത്തന്നെ ശുദ്ധീകരിക്കുന്നതിനുള്ള സൌകൎയ്യങ്ങളും സാഹചൎയ്യങ്ങളും അവൎക്കു നഷ്ടപ്പെട്ടിട്ടില്ല. എന്നാൽ ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കൾക്കാകട്ടെ അനുഗ്രഹത്തിന്റെ കാലം കഴിഞ്ഞിരിക്കുന്നതിനാൽ നീതിയുടെ ഫലമായ ഏതൽ സ്ഥിതിയിൽനിന്നു മോചനം ലഭിക്കുന്നതിനു നമ്മുടെ മാദ്ധ്യസ്ഥം വളരെ ആവശ്യമാണ്.

ഈ ആത്മാക്കളെ സഹായിക്കുന്നതിനുള്ള ഒരു പ്രധാന മാൎഗ്ഗം നമ്മുടെ സകല പുണ്യപ്രവൃത്തികളും അവൎക്കുവേണ്ടി നിയോഗിക്കുകയാകുന്നു. എന്നാൽ ഇങ്ങിനെ ചെയ്യുന്ന ആളുകൾ അധികമുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. പലരും തങ്ങളുടെ സൽകൃത്യങ്ങളുടെ ഫലം സ്വന്തമായിത്തന്നെ അനുഭവിക്കുന്നു. ഇതു് അവരുടെ സ്വാൎത്ഥതകൊണ്ടാണെന്നനുമാനിക്കുന്നതിനേക്കാൾ അജ്ഞതകൊണ്ടാണെന്നു ഊഹിക്കയാണുത്തമം. സ്വന്തമായി പല കാൎയ്യങ്ങളും സാധിക്കാനുള്ളപ്പോൾ മററുള്ളവരെ എങ്ങിനെ സഹായിക്കുമെന്നാണ് അവരുടെ സംശയം. ഈ സംശയത്തെ ദൂരീകരിക്കുന്നതിനു്, നമ്മുടെ പുണ്യപ്രവൃത്തികൾക്കു സാക്ഷാലുള്ള വിലയെന്തെന്നും അവമൂലം ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കളെ നമുക്കെങ്ങിനെ സഹായിക്കാൻ കഴിയുമെന്നും, അവരെ സഹായിക്കുന്നതുകൊണ്ടുളവാകാവുന്ന ഗുണങ്ങൾ എന്തെല്ലാമെന്നും സ്വല്പമായി അറിഞ്ഞിരിക്കണം.

നമ്മുടെ ഓരോ സൽപ്രവൃത്തിക്കും മൂന്നു ഫലമാണുള്ളതു്. ഒന്നാമതു് യോഗ്യത (Merit) ഇതു് ഒരു സൽപ്രവൃത്തി ചെയ്യുന്നു എന്നുള്ള ഏക കാരണത്താൽ തന്നെ തൽപ്രവൎത്തകനു മാത്രം സിദ്ധിക്കുന്നതാണ്. രണ്ടാമതു് പാപപ്പരിഹാരം (Satisfaction). ആ പ്രവൃത്തി ചെയ്യുമ്പോൾ നമ്മുടെ പാപത്തിനു ഒരു പരിഹാരം സിദ്ധിക്കുന്നു. ഈ പരിഹാരം നമുക്കു സ്വന്തമായി സ്വീകരിക്കയോ ശുദ്ധീകരാത്മാക്കൾക്കുവേണ്ടി നിയോഗിക്കയോ ചെയ്യാം. മൂന്നാമതു് ആ പ്രവൃത്തിമൂലം കൂടുതൽ വരപ്രസാദങ്ങൾക്കും അനുഗ്രഹങ്ങൾക്കും നാം യോഗ്യരായിത്തീരുന്നു. അതിനാൽ ആ പ്രവൃത്തി ഒരു അപേക്ഷകൂടെയാണ്. (Impetration) ഇതും നമുക്കുതന്നെ അനുഭവിക്കയോ മററാൎക്കെങ്കിലും വേണ്ടി നിയോഗിക്കയോ ചെയ്യാം. ഇതിൽനിന്നു ഒരു സൽകൃത്യംമൂലം നമുക്കു മാത്രം ലഭിക്കാവുന്ന യോഗ്യത (Merit) ഒഴിച്ച്, ബാക്കിയുള്ള രണ്ടു ഫലങ്ങളും വഴിയായി നമ്മുടെ സഹോദരങ്ങളായ ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കളെ സഹായിക്കാൻ പാടുണ്ടെന്നു വ്യക്തമാണല്ലൊ.

എന്നാൽ ഇങ്ങിനെ അവരെ സഹായിക്കുന്നതിൽനിന്നു നമുക്കു വല്ലതും ലഭിക്കുന്നുണ്ടോ? മേൽപ്രസ്താവിച്ച ത്രിവിധ ഫലങ്ങളും സ്വന്തമായിത്തന്നെ അനുഭവിക്കുന്ന ഒരാളിന്റെ പരമോദ്ദേശം ദൈവന്യായാസനത്തിങ്കൽ കഴിയുന്നതും കളങ്കരഹിതനായി കാണപ്പെടണമെന്നും തന്മൂലം ശുദ്ധീകരണാഗ്നിക്കു ദീൎഘനാൾ ഇരയായിത്തീരാതെ മോക്ഷാനന്ദം അനുഭവിക്കണമെന്നുമാണല്ലൊ. എന്നാൽ ഇതിൽ സ്വല്പം സ്വാൎത്ഥത നിഗൂഢമായി കിടപ്പുണ്ടു്. നാം ഏതു സൽകൃത്യം ചെയ്യുമ്പോഴും അതിൽ നമ്മുടെ സ്വന്തലാഭത്തേയും സുഖത്തേയുംകാൾ ദൈവസ്തുതിയുടെ വൎദ്ധനവിനെയാണ് കാംക്ഷി

കേണ്ടതു്. ഒരാത്മാവു്, ശുദ്ധീകരണസ്ഥലത്തിൽനിന്നു മോക്ഷത്തിലേയ്ക്കു കയറുമ്പോൾ ദൈവസ്തുതി എത്രമാത്രം വർദ്ധിക്കുമെന്നു ഊഹിക്കാൻ പ്രയാസം. ജഡമോഹങ്ങൾക്കും ലൌകികാശകൾക്കും വശംവദരായിരിക്കുന്ന നമ്മുടെ താൽകാലിക സ്ഥിതിയിൽ ദൈവത്തെ സ്തുതിക്കാൻ പാടുണ്ടെന്നിരുന്നാലും ദൈവത്തോടേററം അടുത്തിരിക്കുന്ന പുണ്യാത്മാക്കൾ ചെയ്യുന്നിടത്തോളം യോഗ്യതയും വിലയും അതിനുണ്ടായിരിക്കയില്ല. അതിനാൽ ദൈവസ്തുതിയെ ലാക്കാക്കി നാം പ്രസ്തുത ആത്മാക്കളെ സഹായിച്ചുകൊണ്ടിരിക്കുന്നു.

അവരെ സഹായിക്കുന്നതുകൊണ്ടു നാം മോക്ഷവാസികളെ പെരുതുവെ ആനന്ദിപ്പിക്കുന്നു. വീണ്ടും പാപത്തിൽ വീഴ്ക്കുന്ന സാഹചര്യങ്ങളിലിരിക്കുന്ന ഒരു പാപി അവന്റെ തെററുകളെപ്പററി മനസ്താപപ്പെടുമ്പോൾ ആകാശമോക്ഷം മുഴുവൻ സന്തോഷിക്കുന്നെങ്കിൽ ഒരു ആത്മാവു്, സകല പാപങ്ങളിൽനിന്നും വിമോചിക്കപ്പെട്ടു്, സ്വർഗ്ഗത്തെ പ്രാപിക്കുമ്പോൾ അവിടെയുള്ള സന്തോഷം എന്തുമാത്രമെന്നു ഊഹിക്കാൻ പ്രയാസം. മനുഷാവതാരം ചെയ്ത ദൈവസുതൻ അരുളിയ അമൂല്യ തിരുരക്തത്തിന്റെ ഫലമായ പ്രസ്തുത ആത്മാവു രക്ഷപ്രാപിച്ചതിനാലും, നമ്മുടെ അമ്മയായ പരിശുദ്ധ കന്യകമറിയം തന്റെ മാദ്ധ്യസ്ഥാപേക്ഷ ഫലവത്തായിത്തീർന്നല്ലോ എന്നു വിചാരിച്ചും ഹർഷപൂരിതരായിത്തീരുന്നു.

ശുദ്ധീകരണാഗ്നിൽ വേദനയനുഭവിക്കുന്നതുകൊണ്ടു് ആത്മാക്കൾക്കു് പാപപ്പരിഹാരം സിദ്ധിക്കുന്നുവെന്നല്ലാതെ സ്വർഗ്ഗത്തിൽ അവൎക്കു കിട്ടേണ്ട യോഗ്യതയ്ക്കു യാതൊരു വർദ്ധനവും ലഭിക്കുന്നില്ല. മാത്രമല്ല, മോക്ഷത്തിൽ അവരുടെ സാന്നിദ്ധ്യം ഹേതുവായി യുദ്ധത്തിലിരിക്കുന്നവരായ നമുക്കുളവാകേണ്ട അവരുടെ മാദ്ധ്യസ്ഥവും രക്ഷാധികാര സ്ഥാനവും നഷ്ടീഭവിക്കുന്നു. നാം മുഖാന്തരം മോക്ഷത്തിൽ കയറുന്നവർ ഒരുനാളും നമ്മെ മറക്കയില്ല. സർവ്വദാ നമ്മുടെ ആത്മാക്ഷയെ അവർ ആഗ്രഹിക്കയും അതിനായി പ്രത്യേകം പ്രാർത്ഥിക്കയും ചെയ്യും. കൂടാതെ, അവരെ സംബന്ധിച്ചവരായ സകല വിശുദ്ധന്മാരും നമ്മുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധയുള്ളവരായിരിക്കുമെന്നുള്ളതിനു സംശയമില്ല.

ഇതിനും പുറമെ നാം കൊടുക്കുന്നതു ഒന്നിനു പത്തായി നമുക്കുതന്നെ കിട്ടുന്നതിന്നിടയാകും നാമും ഒരു കാലത്തു അതേ സ്ഥലത്തുകൂടിത്തന്നെ കടന്നുപോകേണ്ടവരാണല്ലോ. ഇന്നു നാം അവരുടെ കാര്യം വിസ്മരിച്ചുകളയുന്നെങ്കിൽ അന്നു നമ്മുടെ സ്ഥിതിയെപ്പററി ആരു ചിന്തിക്കും? നിങ്ങൾ അളക്കുന്ന അളവുകൊണ്ടു മാത്രമെ നിങ്ങൾക്കും അളക്കപ്പെടുകയുള്ളു

റവ. മാത്യു പള്ളിപ്പുറത്തുശ്ശേരി.

## ഈയിട നടന്ന ഒരൽഭുതസംഭവം

"ഞാൻ കൈകാലുകൾ ഇളക്കുവാൻ പാടില്ലാതെ ഒരു ശിശുവിനെപ്പോലെ തൊട്ടിലിൽ എടുക്കപ്പെട്ടു ലൂർദ്ദിലേക്കു പോയി. എന്നാൽ ഇപ്പോൾ ഇതാ പരിപൂർണ്ണ സുഖം പ്രാപിച്ചു എന്തും ചെയ്യുന്നതിനും എവിടെയും പോകുന്നതിനും പ്രാപ്തനായി തിരിച്ചുവന്നിരിക്കുന്നു" ലൂർദ്ദിലേക്കു ഒരു ദീർഘയാത്ര കഴിച്ചശേഷം ഇംഗ്ലണ്ടിലെത്തിയ ലിവർപൂൾകാരനായ മിസ്റ്റർ ജാക്കു ട്രൈനർ എന്ന ദേഹത്തിന്റെ ഈ വാക്കുകൾ ഇതിനിടകൊണ്ടു ലോകമെല്ലാം കേൾക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

ലിവർപൂളിലെ ലൈംസ്ട്രീറ്റു സ്റ്റേഷനിൽ ഇക്കഴിഞ്ഞ ജൂലൈ ൨൮-ാംനു- ശനിയാഴ്ച രാത്രി ഒരാൾ തീവണ്ടിയിൽ വന്നിറങ്ങി. അയാളിൽ സാമാന്യ കാഴ്ചക്കാൎക്കു അസാധാരണമായി ഒന്നും കാണാനുണ്ടായിരുന്നില്ല. കൂടെയുണ്ടായിരുന്ന മററു പല യാത്രക്കാരെപ്പോലെ അ

യാളും വണ്ടിയിൽനിന്നിറങ്ങി പ്ലാറ്റ്ഫോമിൽക്കൂടി നടന്നുകൊണ്ടിരുന്നു.

എന്നാൽ ഈയാളുടെ നടപ്പും മററു ചലനങ്ങളും അവിടെ കൂടിയിരുന്ന അനേകായിരം ആളുകളെ അത്ഭുതപരതന്ത്രരാക്കിത്തീർത്തു. ജനനിബിഡമായിരുന്ന ആ തീവണ്ടിസ്റ്റേഷൻ സ്വല്പസമയത്തേക്കു ഒരു ഈശ്വരാരാധനസ്ഥലമായി പകർന്നുപോയെന്നു പറയാം. അവിടെ കൂടിയിരുന്ന ആളുകൾ ആബാലവൃദ്ധം സ്ത്രീപുരുഷഭേദമെന്യേ വളരെ ആചാരവണക്കത്തോട്ടുകൂടി സ്തോത്രഗീതങ്ങൾ പാടി ദൈവത്തെ സ്തുതിക്കയും പുകഴ്ത്തുകയും ചെയ്തു.

ഇത്രയധികം ആളുകളുടെ ശ്രദ്ധയെ ആകർഷിച്ച ഈ മനുഷ്യൻ ഒരു എട്ടു ദിവസങ്ങൾക്കു മുൻപ് ലൂർദിലേക്കു പോകുന്നതിനായി ഈ സ്റ്റേഷനിൽ വന്നു വണ്ടി കയറിയ നാന്നൂറുപേരിൽ ഒരാളായിരുന്നു. പക്ഷെ അന്നത്തെയും ഇന്നത്തെയും സ്ഥിതികൾ തമ്മിൽ യാതൊരു സാമ്യവുമില്ലതന്നെ. ശരീരത്തിനു സ്വാധീനമില്ലാതെ, ഒരു തളർവാതരോഗിയെപ്പോലെ എടുത്താണ് അന്നു ഈയാളെ തീവണ്ടിയിൽ കയററിയതു്. കഴിഞ്ഞ യൂറോപ്യൻ യുദ്ധത്തിൽ സംബന്ധിച്ചു മരണത്തിന്റെ വായിൽനിന്നു രക്ഷപെട്ട ഒരാളാണ് മിസ്റ്റർ ജാക്ക്. ശരീരത്തിൽ പലഭാഗങ്ങളിലും കഠിനമായ മുറിവേററിരുന്നു. നെഞ്ച്, തലയുടെയും കക്ഷത്തിന്റെയും ഓരോ ഭാഗങ്ങൾ, ഒരു കാലിന്റെ മുട്ടു, മുതലായ സ്ഥലങ്ങളിൽക്കൂടി ഓരോ ഉണ്ട പാഞ്ഞിട്ടുള്ളതാണ്. മൂന്നു വർഷക്കാലം മുടങ്ങാതെ ആസ്പത്രികളിൽ താമസിച്ചു പതിനാറു ശസ്ത്രക്രിയകളോളം നടത്തിയിട്ടും അയാൾക്കു യാതൊരു സുഖവും ഉണ്ടായില്ല. കാലുകളൊന്നും ഇളക്കാൻ പാടില്ലായിരുന്നു. വലത്തുകൈയുടെ വിരലുകൾ നിവിക്കാൻ പാടില്ലാതെ മടങ്ങിയിരുന്നു എന്നു തന്നെയല്ല, ആ കൈതന്നെ ശരീരത്തിന്റെ മുൻവശത്തുകൂടി ഇടത്തോട്ടു വലിച്ചു കോച്ചിയിരുന്നു. ഇപ്രകാരം ശിഥിലീഭവിച്ചിരുന്ന ഒരു മനുഷ്യശരീരമായിരുന്നു ലൂർദിലേക്കു എടുത്തുകൊണ്ടുപോകപ്പെട്ടതു്.

എന്നാൽ എട്ടുദിവസത്തിനുശേഷം ഈയാൾ ആരോഗ്യസമ്പൂർണ്ണനായി പുഞ്ചിരി തൂകിക്കൊണ്ടു തീവണ്ടിയിൽനിന്നും സ്വയമേവ നടന്നിറങ്ങി വരുന്നതു കണ്ടാൽ ആരാണ് ആശ്ചര്യഭരിതരാകാത്തതു്!

ദൈവത്തിലും മററു അമാനുഷശക്തികളിലും വിശ്വാസമില്ലാതെ, ഇഹലോകത്തിൽ നമ്മുടെ ദൃഷ്ടിയിൽ പെടുന്ന വസ്തുക്കളും ശക്തികളും മാത്രമേയുള്ളുവെന്നും, അതിസ്വാഭാവികങ്ങളായ അത്ഭുതങ്ങൾ മുതലായവ നടന്നിട്ടുണ്ടെന്നു പറയുന്നതു വെറും ഭോഷ്കാണെന്നും, അപ്രകാരം ലോകത്തിൽ നടക്കുവാൻ പാടില്ലെന്നും ജല്പിക്കുന്ന നിരീശ്വരന്മാരാദിയായ അവിശ്വാസികളെ അവരുടെ അജ്ഞത മനസ്സിലാക്കുന്നതിനു് മേൽപ്രസ്താവിച്ചവണ്ണമുള്ള അനേക അത്ഭുതങ്ങൾ ഇക്കാലത്തും സംഭവിക്കുന്നുണ്ടു്. ഈ ചുരുങ്ങിയ മാസങ്ങൾക്കിടയിൽ ലൂർദിൽ നടന്നതായി തെളിഞ്ഞിട്ടുള്ള അവിതർക്കിതങ്ങളായ നാലഞ്ചു അത്ഭുതങ്ങളിൽ ഒന്നുമാത്രമാണു ഞാനിവിടെ ഉദ്ധരിച്ചതു്. ഇവയെല്ലാം കണ്ടിട്ടും കേട്ടിട്ടും കർത്താവിന്റെ കാലത്തെ യൂദന്മാരെപ്പോലെ ഇത്തരക്കാർ ഇനിയും വിശ്വസിക്കാതെയിരിക്കുന്നെങ്കിൽ അതുതന്നെ വലിയൊരത്ഭുതമെന്നു കരുതേണ്ടിയിരിക്കുന്നു. ഈശ്വരനെയും മതത്തെയും ബഹിഷ്കരിച്ചുള്ള ആധുനികവിദ്യാഭ്യാസസമ്പ്രദായം നിമിത്തം മതബോധവും, ഈശ്വരവിശ്വാസവും മിക്കവാറും ഉപേക്ഷിച്ചു നടക്കുന്ന ചില പരിഷ്കൃതവേഷധാരികൾ ഈ വക അത്ഭുതസംഭവങ്ങളെപ്പററി ഗാഢമായി വിചിന്തനം ചെയ്യുന്നതു് അത്യന്തം ഫലപ്രദായകമായിരിക്കും.

കെ. ഇ. ചാക്കോ, ബി. ഏ.

# ശ്ലേമ്മോന്റെ സുഭാഷിതങ്ങൾ,

പിതാവിൻ ശിക്ഷണം ദോഷ-
ന്നപഹാസത്തിനാസ്പദം.
ശാസനം സ്വീകരിക്കുന്ന
പുത്രൻ സത്തമനായ്വരും. 1.

ദുഷ്ടന്റെ ബലി ദൈവത്തി-
ന്നിഷ്ടമല്ലൊരു നാളിലും;
നീതിമാന്റെ ജപം ദൈവ-
ദൃഷ്ടിക്കാനന്ദദായകം. 2.

സന്തോഷഹൃദയം സർവ്വ-
ഗാത്രശോഭാവഹം ദൃഢം;
മനഃപീഡ ജനിപ്പിക്കും
മനുഷ്യാത്മാവിലാമയം. 3.

ശിക്ഷണത്തിനെ വാഞ്ഛിക്കു-
മെപ്പോഴും വിജ്ഞമാനസം;
മൂഢന്റെ വദനത്തിന്നു
മൌഢ്യമേഹിതഭക്ഷണം. 4.

ദരിദ്രദിനമെപ്പേരു-
മനർത്ഥപരിപൂരിതം,
മധുതുല്യം മനസ്സെന്നു-
മിരിക്കുന്നിതു ശാന്തമായ്. 5.

അതിരറ്റധനം ദുഷ്ട-
നരനുണ്ടാവതിൽശ്രേഷ്ഠം
ദൈവഭീയുള്ള മർത്ത്യന്റെ
ചുരുങ്ങിയധനം ദൃഢം. 6.

ക്ഷോഭമുള്ളന്നമാക്കുന്നു
കോപശീലനനാരതം,
അതുസംജാതമാം മുമ്പേ
ശമിപ്പിക്കുന്നു സക്ഷമൻ. 7.

മന്ദൻ പോകുന്ന മാർഗ്ഗങ്ങൾ
മുള്ളുകൊണ്ടു നിറഞ്ഞതാം,
നീതിമാൻ സഞ്ചരിച്ചീടും
മാർഗ്ഗം മാർദ്ദചഞ്ചുകരമാം. 8.

താതനെബ്ബുദ്ധിമാൻ പുത്രൻ
ഇഷ്ടമാനസനാക്കിടും;
പെറ്റമാതാവിനാക്ഷേപ-
കാരണം മൂഢനാത്മജൻ. 9.

മൂഢനു മൌഢ്യമുല്ലാസ-
പ്രദമാകുന്നു വിസ്മയം!
ബുധൻവഴി ചലിക്കാതെ
നേരെവയ്ക്കുന്നു കാലുകൾ. 10.

പര്യാലോചനയില്ലാത്ത
സൂത്രപാഠകൾ നിഷ്ഫലം;
പലരൊത്തു നിനച്ചാകി-
ലചസംസ്ഥാപിതങ്ങളാം. 11.

സ്വാനനത്തിന്റെ വാക്യത്തി-
ലാനന്ദിക്കുന്നു മാനവൻ;
യഥാകാലപ്രകഥിതം
വചനം പരമോത്തമം. 12.

ദുർവ്വിചാരങ്ങളെപ്പേരും
ഗർഹ്യമീശ്വര സന്നിധൌ;
മധുവോലുന്ന വാക്യങ്ങൾ
ശുചിയായുമിരിപ്പതാം. 13.

സർവ്വേശൻ സ്ഥിതിചെയ്യുന്നു
ദുഷ്ടരിൽ നിന്നു ദൂരവെ,
അവിടുന്നുറ്റു കേൾക്കുന്നു
നീതിമാന്റെ ജപങ്ങളെ. 14.

താനെതന്നെ വെറുക്കുന്നു
ശിക്ഷണത്തെ ത്യജിപ്പവൻ;
ശാസനം സ്വീകരിപ്പോർക്കു
വിജ്ഞാനം ലബ്ധമായ് വരും. 15.

ജഗദീശഭയം സൂനോ!
നിത്യജീവപ്രബോധനം,
വിനീതനെത്തും ദിക്കെല്ലാം
യശസ്സെത്തുന്നു മുന്നമെ. 16.

ഗർവ്വിഷ്ഠനവനും ദൈവ-
ദൃഷ്ടിയിൽ ഗർഹ്യനെത്രയും
ഇരുപാണികൾ ചേർത്താലു-
മൊരു നിർദ്ദോഷിയല്ലവൻ. 17.

ആരംഭിക്കുന്ന സന്മാർഗ്ഗം
നീതിക്രിയയിലെപ്പൊഴും,
അതുതന്നെ ബലികളെ-
ക്കാളുമീശ്വരനീഹിതം 18.

പാപങ്ങളെ ഹനിക്കുന്നു
നന്മയും നീതിയും സദാ,
ഒഴിഞ്ഞുമാറുമെല്ലാരും
പാപത്തെദ്ദൈവഭീതിയാൽ. 19.

മനുഷ്യവഴികൾ ദൈവ-
ഹിതത്തിന്നൊക്കുമെങ്കിലൊ
അവിടുന്നു ഭവിപ്പിക്കും
ശത്രുവെക്കൂടി മിത്രമായ്. 20.

ക. നി. മൂ. സ. മാണിക്കത്തനാർ.

## പ്രോപ്പഗാന്ത കർദിനാൾ തിരുമനസ്സിലെ വേദപ്രചാരശുഷ്ക്കാന്തി

**വേ**ദപ്രചാര തിരുസംഘത്തിന്റെ നേതൃത്വം വഹിക്കുന്ന കർദ്ദിനാൾ വാൻറോസ്സു തിരുമനസ്സുകൊണ്ടു തലസ്ഥാനമായ റോമ്മിൽ ഇരുന്നു പ്രേഷിതജോലി നിർവ്വഹിക്കുന്നതുകൊണ്ടുതന്നെ സംതൃപ്തനാകാതെ ഈക്കൊല്ലം മിഷ്യൻ വേലകളായി ഇറങ്ങി പുറപ്പെട്ടുകയാണുണ്ടായതു്. ജൂൺമാസത്തോടുകൂടെ കർദ്ദിനാളന്മാർ റോമ്മാ വിട്ടു പലസ്ഥലങ്ങളിലും വിശ്രമത്തിന്നായി പോക പതിവുണ്ടു്. പ്രോപ്പഗാന്ത കർദ്ദിനാൾ ഈ പ്രാവശ്യം വിശ്രമവില്ലായേക്കാൾ പരിശ്രമ പ്രദേശത്തെയാണു തെരഞ്ഞെടുത്തതു്. ആറു ശതവഷങ്ങൾക്കുമുമ്പു് സവ്വത്ര കത്തോലിക്കമതം അനുസരിച്ചിരുന്നതും പിന്നീടു പാഷണ്ഡ മതോപദേശികളുടെ പ്രേരണമൂലം സത്യസഭ നാമാവശേഷമായിത്തീന്നതുമായ സ്കാൻഡിനേവ്യൻ ഉപദ്വീപത്രേ കർദ്ദിനാളിന്റെ ദൃഷ്ടിയിൽ പ്രഥമതഃ പതിഞ്ഞതു്.

ഐസ്ലാണ്ടു് (Iceland) ദ്വീപിൽ കുറേ ദിവസങ്ങൾ താമസിച്ചശേഷം കർദ്ദിനാൾ തിരുമനസ്സുകൊണ്ടു് ജൂലായി ൨൨-ാംനു- നോർവേയിൽ എത്തി. ൧൨൭൦-നുശേഷം ഇപ്പോൾ ആദ്യമായിട്ടാണു് ഒരു കർദ്ദിനാൾ ആ പ്രോട്ടസ്റ്റൻറു രാജ്യത്തു പാദങ്ങൾ പതിച്ചതു്. നോർവേയിൽ ഇരുപത്തിനാലു ലക്ഷം ജനങ്ങളുള്ളതിൽ ൨൭൦൦൦ കത്തോലിക്കരും ൨൩ വൈദികരും ഒരു വികാരി അപ്പസ്തോലിക്കയും മാത്രമേയുള്ളു. ഹോളണ്ടുകാരനായ ഒരു വൈദിക വിദ്യാത്ഥി നോർവെമിഷ്യനിൽ വേലചെയ്യുന്നതിന്നു ഇപ്പോൾ പ്രോപ്പഗാന്തയിൽ പഠിക്കുന്നുണ്ടു്. അടുത്ത കൊല്ലം അദ്ദേഹം ഗുരുപ്പട്ടമേൽക്കുമ്പോൾ നോർവേക്കാർക്കു ആകെ ഇരുപത്തിനാലു പട്ടക്കാരുണ്ടായിരിക്കുന്നതാണു്. ഇപ്രകാരമൊക്കെയിരുന്നാലും തദ്ദേശവാസികളായ പ്രോട്ടസ്റ്റൻറുകാരിൽ പലക്കും അവരുടെയിടയിലുള്ള മതഭിന്നതയും സന്മാൎഗ്ഗവിപ്രതിപത്തിയും ഹേതുവാൽ പൂൎവ്വവിശ്വാസത്തിലേക്കു തിരിയുന്നതിന്നും, സമാധാനത്തിന്റെ മാതാവായ വിശുദ്ധ കത്തോലിക്കാ സഭയുടെ മടിയിൽ വിശ്രമിക്കുന്നതിന്നും ആഗ്രഹമില്ലാതില്ല. തുലോം കുറഞ്ഞ സംഖ്യമാത്രമുള്ള കത്തോലിക്കാ വൈദികരുടെ പ്രേഷിത ശുഷ്ക്കാന്തിയും, കന്യാസ്ത്രീകളുടെ പരസ്നേഹതല്പരതയും, കത്തോലിക്കജനങ്ങളുടെ ഉത്തമ ജീവിതവും ദൃഷ്ടാന്തവും പ്രോട്ടസ്റ്റൻറു സഹോദരന്മാക്കു തിരുസഭാപ്രവേശനത്തിന്നു ഒരു വെട്ടിത്തെളിച്ച വഴിയായിത്തീന്നിട്ടുണ്ടു്. പ്രോട്ടസ്റ്റൻറു മതപരിവത്തനത്തിന്നായി തത്വശാസ്ത്രം, എബ്രായഭാഷ ആദിയായവ പരിശീലിച്ച തദ്ദേശീയനായ ഒരു യുവാവു് ആ മതത്തിലുള്ള അബദ്ധത്തെ വേണ്ടുംവിധം ഗ്രഹിച്ചു് കത്തോലിക്കസഭയിൽ പ്രവേശിക്കയും വിശുദ്ധ പൌലോസിനെപ്പോലെ സത്യവേദപ്രചാരത്തിന്നായി ഇപ്പോൾ പ്രോപ്പഗാന്ത കോളജിൽ വൈദിക വിദ്യാത്ഥിയായി പഠിക്കയും ചെയ്തുവരുന്നു എന്നുള്ളതു് ഒരു സ്മരണീയ സംഭവമാണു്. ഇദ്ദേഹത്തിന്റെ പിതാവു പോയകൊല്ലം സ്വപുത്രനെ സന്ദശിക്കുന്നതിനായി റോമ്മായിൽ വന്നിട്ടു മടങ്ങിയതു് ഒരു കത്തോലിക്കനായിട്ടാണു എന്നതും പ്രത്യേകം പ്രസ്താവയോഗ്യംതന്നെ.

കർദ്ദിനാൾ അവർകൾ ആദ്യമായ (Bergen) ബെർഗെൻ എന്ന പട്ടണമാണു സന്ദശിച്ചതു്. തദവസരത്തിൽ അദ്ദേഹത്തെ യഥായോഗ്യം സ്വീകരിക്കുന്നതിന്നു വൈദികശ്രേഷ്ഠനായ മോൺസിഞ്ഞോർ സ്മിററ് (Smit) അവർകളും തദ്ദേശവാസികളായ കത്തോലിക്കരും ഒട്ടേറെ പ്രോട്ടസ്റ്റാൻറുകാരും ആഹ്ലാദപൂവ്വം ഹാജരായിരുന്നു. (ഈ മോൺസിഞ്ഞോർ സ്മിററ് അവർകളാണു് നി. വ. ദിവ്യശ്രീ കോട്ടയം മെത്രാനച്ചനവർ

ളെ ഹോളണ്ടിലേക്കു ക്ഷണിച്ച് തന്റെ അതിഥിയായി അവിടെ താമസിപ്പിച്ചു.) പ്രോട്ടസ്റ്റന്റുകാർ മാർപ്പാപ്പായുടെ ഈ പ്രതിപുരുഷനോടു പ്രദർശിപ്പിച്ച ബഹുമാനാദരങ്ങൾ അന്യാദൃശങ്ങളെന്നേ പറവാനുള്ളു. അവിടത്തെ പ്രോട്ടസ്റ്റന്റു പത്രങ്ങൾ എല്ലാംതന്നെ ഈ വന്ദ്യപുരുഷന്റെ ജീവചരിത്രം, ഛായാപടം, പ്രസംഗങ്ങൾ എന്നിവയെ ആദരപൂർവ്വം തുടരെത്തുടരെ പ്രസിദ്ധം ചെയ്തുകൊണ്ടിരുന്നു. എങ്കിലും നമ്മുടെ കർത്താവ് ജയഘോഷത്തോടെ ഓർശലം ദേവാലയപ്രവേശനം ചെയ്ത സമയം പ്രീശന്മാർ അസൂയാഭരിതരായിത്തീർന്നതുപോലെ പ്രോട്ടസ്റ്റന്റു മതാദ്ധ്യക്ഷന്മാർ ചില പ്രതിഷേധലക്ഷ്യങ്ങൾ കാണിക്കാതിരുന്നില്ല. പക്ഷെ അതൊന്നും അത്ര ഫലപ്രദമായിപ്പരിണമിച്ചില്ല.

കർദ്ദിനാൾ അവർകൾ നോർവേയുടെ തലസ്ഥാനമായ ക്രിസ്ത്യാനിയായിൽ പോയി തദ്ദേശരാജാവായ ഹാക്കോൺസപ്തമനെ (Hakon VII) സന്ദർശിച്ചു. രാജാവ് അത്യധികം സന്തോഷത്തോടും അസാധാരണ ബഹുമാനത്തോടും തിരുമേനിയെ കൈക്കൊള്ളുകയും, പ്രതിസന്ദർശനത്തിന്നായി പ്രധാനമന്ത്രി ആദിയായി പല പ്രമാണികളെ അയക്കുകയുംചെയ്തു. കർദ്ദിനാളവർകൾ രണ്ടാഴ്ചയോളം നോർവെയിൽ താമസിച്ചു പലസ്ഥലങ്ങളും കണ്ടശേഷം അയൽരാജ്യമായ സ്വീഡനി(Sweden)ലേക്കു യാത്ര തിരിച്ചു. സ്വീഡനിലെ കത്തോലിക്കരുടെസംഖ്യയും വളരെ ശോചനീയംതന്നെ. വിളവു ധാരാളമുണ്ടെങ്കിലും കൊയിത്തുകാർ ഇനിയും വളരെ ചുരുക്കം. അവിടെ മൂവായിരത്തോളം കത്തോലിക്കരും പതിനൊന്നു വൈദികരും ഒരു മെത്രാനും മാത്രമേയുള്ളു. ഹോളണ്ടുകാരനായ മറ്റൊരു വൈദികവിദ്യാർത്ഥി സ്വീഡൻ മിഷ്യനിലേക്കായി ഇപ്പോൾ പ്രോപ്പഗാന്തയിൽ പഠിക്കുന്നുണ്ട്. സ്വീഡനിലും ആഘോഷസമേതം പല സ്ഥലങ്ങൾ സന്ദർശിച്ചശേഷം കർദ്ദിനാളവർകൾ ഡെന്മാർക്കിലേക്കാണ് പോയത്. ഡെന്മാർക്കിൽ എഴുപതഞ്ചു കൊല്ലങ്ങൾക്കു മുമ്പുവരെ, കത്തോലിക്ക വൈദികർക്കു വേദപ്രസംഗം ചെയ്യുന്നതിനു മരണശിക്ഷയിൻകീഴ് മുടക്കുണ്ടായിരുന്നതാകുന്നു. മാനസാന്തരപ്പെടുന്നവരെ നാടു കടത്തിക്കളകയായിരുന്നു പതിവ്. ഇപ്പോളാവട്ടെ, പഴയ നില വിട്ട് പ്രോട്ടസ്റ്റണ്ടു മതവൈരാഗ്യത്തിന്റെ ഈ കേന്ദ്രസ്ഥാനത്തു പല സ്വാതന്ത്ര്യങ്ങൾ ലഭിച്ചുതുടങ്ങിയിട്ടുണ്ട്. കർദ്ദിനാളവർകൾ ശേഷിച്ചിരിക്കുന്ന അവധികാലം മറ്റൊരു പ്രോട്ടസ്റ്റണ്ടു രാജ്യമായ സ്വിററ്സർലാണ്ട് (Switzerland) കൂടി സന്ദർശിച്ചശേഷം സെപ്റ്റംബർ മാസാവസാനത്തിൽ ഞങ്ങളോടു കൂടി വന്നു ചേരുന്നതായിരിക്കും.

കടവിൽ മാത്യുശമ്മാശ്ശ്.

## പരിശുദ്ധ സിംഹാസനത്തിന്റെ രാഷ്ട്രീയമായ പ്രശസ്തി

II.

ഈ കൂട്ടത്തിൽ ഏറ്റവും പ്രധാനമായി പരിഗണിക്കുവാനുള്ളത് മഹായുദ്ധാരംഭത്തിനുശേഷം വിവിധരാജ്യഗവർമ്മെണ്ടുകൾ റോമ്മാ തിരുസിംഹാസനവുമായി സഖ്യമുറപ്പിക്കുന്നതിനും വത്തിക്കാനിൽ സ്വസ്ഥാനപതികളെ ഏർപ്പെടുത്തുന്നതിനുംവേണ്ടി അഹമഹമികയാ ചെയ്തിട്ടുള്ള പരിശ്രമമാണ്. മഹായുദ്ധം ആരംഭിച്ചതിനു മുമ്പ് പ. സിംഹാസനത്തിന് പന്ത്രണ്ടു രാജ്യങ്ങളുമായി മാത്രമേ രാഷ്ട്രീയബന്ധം ഉണ്ടായിരുന്നുള്ളു. ഇപ്പോഴാകട്ടെ പ്രസ്തുത ബന്ധം ഉറപ്പിച്ചിട്ടുള്ള രാജ്യങ്ങളുടെ സംഖ്യ മേൽപറഞ്ഞതിന്റെ മൂന്നിരട്ടിയായി വർദ്ധിച്ചിരിക്കുന്നു. ഇവയിൽ പാശ്ചാത്യരാജ്യങ്ങളും പൗരസ്ത്യരാജ്യങ്ങളും, ക

ത്തോലിക്ക രാജ്യങ്ങളും അകത്തോലിക്ക രാജ്യങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. തുർക്കി, ജപ്പാൻ, ചൈനാ എന്നീ പ്രധാനപ്പെട്ട ക്രിസ്ത്യേതര രാജ്യങ്ങൾ പ. സിംഹാസനവുമായി സംബന്ധം ചെയ്തിരിക്കുന്നു. വാസ്തവം ആലോചിച്ചാൽ പ. സിംഹാസനത്തിന്റെ ചരിത്രത്തിൽ മേൽപ്രസ്താവിച്ചവണ്ണം പൌരസ്ത്യവും പാശ്ചാത്യവും ക്രിസ്ത്യവും ക്രിസ്ത്യേതരവും ആയ അനേക രാജ്യങ്ങളുമായി ഇത്രത്തോളം അടുത്തതായ രാഷ്ട്രീയബന്ധം ഇതിനുമുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ലെന്നു പറയാവുന്നതാണ്.

സ്വസ്ഥാനപതികളെ വത്തിക്കാനിൽ നിയമിച്ചും വത്തിക്കാനിൽനിന്നു പ്രതിനിധികളെ സ്വീകരിച്ചും മറ്റും പ. സിംഹാസനവുമായി മഹായുദ്ധാരംഭത്തിനുശേഷം രാഷ്ട്രീയബന്ധം ഉറപ്പിച്ചിട്ടുള്ള രാജ്യങ്ങളിൽ പലതും കേവലം അഭിനവമായിട്ടല്ല അങ്ങനെ ചെയ്തിട്ടുള്ളത്. ഇംഗ്ലണ്ട്, ഫ്രാൻസ് മുതലായ പല രാജ്യങ്ങൾ പ. സിംഹാസനവുമായി പണ്ടു വളരെക്കാലത്തേക്കു സഖ്യതയിലിരുന്നവയാണ്. ക്രിസ്ത്വാബ്ദം ൧൬-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ഇംഗ്ലീഷ് ഗവർമെണ്ടു റോമ്മാ സിംഹാസനത്തിന്റെ ആദ്ധ്യാത്മികാധികാരത്തെ ധിക്കരിക്കയും പ്രൊട്ടസ്റ്റന്റുമതം സ്വരാജ്യത്തു ഏർപ്പെടുത്തുകയും ചെയ്തനാൾ മുതലാണ് വത്തിക്കാനും ഇംഗ്ലണ്ടും തമ്മിലുള്ള ബന്ധം ഇല്ലാതെയായത്. അനന്തരം മഹായുദ്ധമാരംഭിച്ച ൧൯൧൪-ൽ തന്നെ ബ്രിട്ടീഷ് ഗവർമെണ്ടിനു ഒരു സ്ഥാനപതിയെ വത്തിക്കാനിൽ നിയമിക്കേണ്ട ആവശ്യകതയെപ്പറ്റി ബോധം ജനിക്കയും അപ്രകാരം നിയമിക്കയും ഉണ്ടായി. പ. സിംഹാസനത്തിനുണ്ടായിരുന്ന രാജ്യത്തെ ആക്രമിച്ചെടുത്തു തിരുസഭയോടു ദ്രോഹംചെയ്ത ഇറ്റലിരാജകുടുംബത്തെ സന്ദർശിക്കുന്ന കാര്യത്തിൽ അന്നു വാണിരുന്ന ഒൻപതാം ലെയോൻ മാർപ്പാപ്പാ കത്തോലിക്ക രാജാധിപന്മാർക്കു ഒരു ശാസന നൽകിയിരുന്നു. ഈ ശാസനയെ ലംഘിച്ചു ഫ്രഞ്ചുപ്രസിഡണ്ടായിരുന്ന ലൂബെറ്റ് ഇറ്റലിരാജാവിനെ സന്ദർശിക്കുന്നതിനായി ൧൯൦൪-ൽ റോമിൽ പോകുകയുണ്ടായി. പ്രസിഡണ്ടു ലൂബെററിന്റെ ഈ പ്രവൃത്തി ആക്ഷേപാർഹമായിരുന്നതിനാൽ കർദ്ദിനാൾ സെക്രട്ടറി മേറി ദെൽവാൾ അതിനെ സംബന്ധിച്ചു ഒരു പ്രതിഷേധസന്ദേശം എല്ലാ കത്തോലിക്ക രാജാക്കന്മാർക്കും അയയ്ക്കുകയും അന്നുമുതൽ ഫ്രഞ്ചു ഗവർമ്മേണ്ടിന്റെ പ്രാതിനിധ്യം വത്തിക്കാനിൽ നിറുത്തലാകയും ചെയ്തു. അനന്തരം ൧൯൨൦-ൽ ഫ്രഞ്ചു ഗവർമ്മേണ്ടു വീണ്ടും പൂർവ്വബന്ധത്തെ നവീകരിച്ചു. പ. സിംഹാസനവുമായിട്ടുള്ള ബന്ധത്തെ പുനഃസ്ഥാപിക്കുന്നതു രാജ്യത്തിന്റെ നന്മയ്ക്കും സമാധാനത്തിനും അത്യന്താപേക്ഷിതമെന്നു കണ്ടു. ൧൯൧൫-ൽ ഡച്ചുഗവർമ്മേണ്ടു തങ്ങളുടെ പാർലിയമേന്റിൽ ഒരു നിശ്ചയംചെയ്കയും തദനുസാരം ഒരു പ്രതിനിധിയെ വത്തിക്കാനിലേക്കു അയയ്ക്കുകയുമുണ്ടായി.

ഇങ്ങിനെ പ്രധാനപ്പെട്ട ഗവർമ്മേണ്ടുകൾ എല്ലാം തന്നെ പരിശുദ്ധ സിംഹാസനവുമായി സഖ്യമുറപ്പിച്ചിട്ടും ഇറ്റലി മാത്രം മറുതലിച്ചുനിന്നു. എന്നാൽ ഇപ്പോൾ കുറേ നാളായിട്ടു ഇറ്റലി ഗവർമ്മേണ്ടും വത്തിക്കാനും തമ്മിലുള്ള സ്ഥിതിയിക്കു ആശാസ്യമായ ഒരന്തരം സംഭവിച്ചിട്ടുള്ളതായി കാണുന്നതു സന്തോഷാവഹമാണ്. യൂറോപ്പിലെ രാജ്യങ്ങളിൽ മിക്കതുംതന്നെ അവയുടെ സ്ഥാനപതികളെ വത്തിക്കാനിൽ നിയമിക്കയും വത്തിക്കാനുമായി സൗഹാർദ്ദത്തിൽ വർത്തിക്കയും ചെയ്യുന്നതു കണ്ടിട്ടും ഇറ്റലി മാത്രം മർക്കടമുഷ്ടിയോടുകൂടി ശത്രുതയിൽ നിൽക്കുന്നതു സർവ്വഥാ അയുക്തവും ആപൽക്കരവുമാണെന്നു അവിടത്തെ പ്രതിനിധിസഭയിൽ ഒരു മെമ്പർ ദീർഘമായി പ്രതിപാദിക്കയുണ്ടായി. സിഞ്ഞോർ മുസ്സോലിനി ഇറ്റലിയിലെ പ്രധാനമന്ത്രിയായതിനുശേഷം ഇറ്റലി അഭൂതപൂർവ്വമായ സ്നേഹം വത്തിക്കാനോടു കാണിച്ചുവരുന്നുണ്ട്. ഈ സ്നേഹത്തിന്റെ ബാഹ്യലക്ഷണങ്ങൾ പല പ്രധാന സന്ദർഭങ്ങളിലും പ്രത്യക്ഷപ്പെടുകയുണ്ടായി. ൧൫-ാം ബെനഡിക്ടസ് മാർപ്പാപ്പായുടെ മരണവാർത്ത അറിഞ്ഞപ്പോൾ ഇറ്റലി ഗവർമ്മേണ്ടു ഒരു ദുഃഖസന്ദേശം വത്തി

ക്കാനിലേക്കയച്ചു. ഒരു ജാതീയ ദുഃഖാചരണത്തിൻെറ ലക്ഷ്യമായി റോമൻ പ്രോവിൻസിലുള്ള സംഗീതശാലകളും, നാടകമന്ദിരങ്ങളുമെല്ലാം പൂട്ടി; ഗവൎമ്മെണ്ടു കെട്ടിടങ്ങളുടെ മുകളിൽ പറന്നിരുന്ന കൊടികൾ താഴ്ത്തി. മാൎപ്പാപ്പായുടെ മൃതശരീരം വെച്ചിരുന്ന ചാപ്പലിൻെറ കവാടങ്ങളിൽ കാവൽനില്ക്കുന്നതിനായി ഇററാലിയൻ പോലീസിനേയും പട്ടാളത്തേയും അയച്ചു. ൧൮൭൦-നുശേഷം ഇററലി ഗവൎമ്മെണ്ടു ഒരു മാൎപ്പാപ്പായുടെ മരണദുഃഖത്തിൽ ഇപ്രകാരം പങ്കെടുത്തതു് ഇദംപ്രഥമമായിട്ടാണു്. ഒമ്പതാം പീയൂസ്, ൧൩-ാം ലെയോൻ, ൧൦-ാം പീയൂസ് ഈ മാൎപ്പാപ്പാമാരിൽ ആരുടെയെങ്കിലും മരണത്തെ സംബന്ധിച്ചു് മേൽപ്പറഞ്ഞവിധം പരസ്യമായ യാതൊരു ദുഃഖാചരണവും ചെയ്തുണ്ടായിട്ടില്ലാ. ൧൫-ാം ബനഡിക്തോസ് മാൎപ്പാപ്പായുടെ മരണാവസരത്തിൽ ഇററലി ഗവൎമ്മെണ്ടു കാണിച്ച സന്മനസ്സിനെക്കുറിച്ചു് വത്തിക്കാൻ കൃതജ്ഞത പ്രദൎശിപ്പിച്ചു. ഇതിനുശേഷം പ്രസ്തുത ഗവൎമ്മെണ്ടു പ്രതിദിനമെന്നപോലെ പ. സിംഹാസനത്തോടു് ഉപൎയ്യുപരി സ്നേഹവും ബഹുമാനവും പ്രത്യക്ഷപ്പെടുത്തിക്കൊണ്ടാണിരിക്കുന്നതു് എന്നുള്ള സംഗതി ഏററവും ശുഭസൂചകമാണു്. വേറൊരു സംഗതികൂടി ഈ അവസരത്തിൽ പ്രസ്താവ്യമായിട്ടുണ്ടു്. പ. സിംഹാസനവുമായി ഇതേവരെ സഖ്യത്തിൽ ഏൎപ്പെട്ടിട്ടുള്ള യാതൊരു ഗവൎമ്മെണ്ടും അതിൻെറ സ്ഥാനപതിയെ പിൻവലിക്കുന്നതിനോ വത്തിക്കാനോടുള്ള മൈത്രിയെ പരിത്യജിക്കുന്നതിനോ മനസ്സാകുന്നില്ല. സെക്കോസ്ലോവാക്കിയാ, ജൎമ്മനി, ഹോളണ്ടു്, ഇംഗ്ലണ്ടു്, ഫ്രാൻസ് ഈ രാജ്യങ്ങളിലെ പാൎലിയമെൻറുകളിൽ ഒന്നിലധികം പ്രാവശ്യം ഏതദ്വിഷയകമായ വാദപ്രതിവാദങ്ങളുണ്ടായതായിട്ടു നമുക്കറിയാം. വത്തിക്കാനിൽ ഒരു സ്ഥാനപതിയെ നിയമിച്ചിരിക്കുന്നതുകൊണ്ടു് ഗുണമൊന്നുമില്ല; ആ വകയ്ക്കു ഒരു വലിയ സംഖ്യ ചെലവാകുന്നേയുള്ളു. അതിനാൽ അതു നിറുത്തൽ ചെയ്യണം എന്നും മററും കണ്ണുമടച്ചുള്ള ചില വാദങ്ങൾ ഏതാനും അംഗങ്ങൾ പ്രസ്തുത സഭകളിൽ കൊണ്ടുവരികയുണ്ടായി. പക്ഷേ ഈ മാതിരിയുള്ള അഭിപ്രായം മിഥ്യാബോധത്തിൽനിന്നു് ഉളവാകുന്നതാണെന്നും വത്തിക്കാനിൽ സ്ഥാനപതിയെ നിയമിച്ചിരിക്കുന്നതുകൊണ്ടു് അനേകം ഗുണങ്ങൾ ഉണ്ടായിട്ടുണ്ടെന്നും ഉണ്ടാകുന്നതാണെന്നും ആയിരുന്നു ഭൂരിപക്ഷവും. അതനുസരിച്ചു് പ്രസ്തുത ഗവൎമ്മെണ്ടുകൾ പ. സിംഹാസനവുമായിട്ടുള്ള സ്നേഹബന്ധത്തെ ബഹുമാനപൂൎവ്വം പരിപാലിച്ചുപോരികയാണു്.

മുൻ സൂചിപ്പിച്ചവണ്ണം ധൎമ്മാത്സൎയ്യംകൊണ്ടും സ്വാൎത്ഥബുദ്ധികൊണ്ടും മററും പ. സിംഹാസനത്തോടുള്ള സ്നേഹബന്ധത്തെ ഉപേക്ഷിച്ച വലിയ രാജ്യങ്ങൾപോലും— അതേ, ബ്രിട്ടീഷ്, ഫ്രഞ്ചു് മുതലായ മഹാ ഗവൎമ്മെണ്ടുകൾപോലും, ഇപ്പോൾ വത്തിക്കാനുമായി വീണ്ടും കൂട്ടുപിടിക്കാൻ ഒരുമ്പെട്ടതിൽനിന്നു് പ. സിംഹാസനത്തിൻെറ ഇന്നത്തെ രാഷ്ട്രീയ സ്ഥിതി എത്രത്തോളം ഉൽകൃഷ്ടമാണെന്നു് ഊഹിക്കാം.

കെ. സി. വൎക്കി ബി. ഏ.

## തിരുസഭയുടെ പൊതുസൂനഹദോസുകൾ.

### IV.

### കൽക്കദോനിയാ സൂനഹദോസ്.

ഇതു ക്രിസ്ത്വബ്ദം ൪൫൧-ൽ മഹാനായ വി. ലെയോൻ മാൎപ്പാപ്പായുടെയും റോമാ ചക്രവൎത്തിയായ മാൎസ്യൻെറയും ഭരണകാലത്തു്, മാൎപ്പാപ്പായുടെ സ്ഥാനപതികളായി നിയോഗിതരായ പസ്കാസിനൊസ്, ലൂചൻസിയോസ് എന്നിരു മെത്രാന്മാരുടെയും ബൊനിഫാസിയോ

സ് എന്നൊരു പട്ടക്കാരൻെറയും അദ്ധ്യക്ഷതയിൽ കൽക്കദോനിയാ നഗരത്തിൽ സമ്മേളിച്ചു. കുസ്തന്തീനോപ്പോലീസിലെ അനത്തോലിസ്സ്, അന്ത്യോഖ്യായിലെ വി. മാക്ക്സിമോസ്സ്, ഓർശ്ലേമ്മിലെ യുവനാലിസ്സ് എന്നീ പാത്രിയർക്കീസന്മാരും മററു മെത്രാന്മാരുമായി ൬൩൦ പിതാക്കന്മാരുടെ സാന്നിദ്ധ്യം ഈ തിരുസംഘത്തിലുണ്ടായിരുന്നു. ഇതിന്നു മുമ്പും പിമ്പുമായി പൌരസ്ത്യദേശങ്ങളിൽ സമ്മേളിച്ചിട്ടുള്ള യാതൊരു സംഘത്തിലും ഇത്രയധികം പിതാക്കന്മാർ ഒന്നിച്ചുകൂടിയിട്ടില്ലത്രെ.

മ്ശിഹായുടെ ദൈവസ്വഭാവം, മനുഷ്യസ്വഭാവം എന്നയിരു സ്വഭാവങ്ങൾ ഏക ദൈവയാളിൽ യോജിച്ച് ഒന്നായി തീൎന്നുപോയി എന്നു തെററായി പഠിപ്പിച്ചിരുന്ന എവുത്തിക്കേസിൻെറ (Eutyches) 'ഏകസ്വഭാവ വാദ'ത്തെ (Monophysitism) ശപിച്ച്, 'ക്രിസ്തുവിൻെറ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഒന്നോടൊന്നു കലരാതെ അതാതിനുള്ള പരിപൂൎണ്ണതയോടുകൂടി തമ്മിൽത്തമ്മിൽ വ്യത്യാസപ്പെട്ടുതന്നെ ഇരിക്കുന്നു; ഇവ തമ്മിലുള്ള യോജിപ്പ് സാത്വികമാണെങ്കിലും ആളിൽ മാത്രമാണ്. ഇങ്ങിനെ സാത്വികമായ യോജിപ്പാൽ ഒരു സംയുക്ത സത്വമായ നരദൈവം—ക്രിസ്തു— അങ്കുരിപ്പെടുകയും, ഇതിൽ ഉള്ളിന്നടുത്ത യോജിപ്പ് എത്രതന്നേ പൂൎണ്ണമായിരുന്നാലും ദൈവസ്വഭാവവും മനുഷ്യസ്വഭാവവും മാററമില്ലാതെയും വെവ്വേറായും നിലനിൽക്കയും ചെയ്യുന്നു' എന്ന ബോധനം ഒരു വേദസത്യമെന്നു ഇതിൽ പ്രഖ്യാപനം ചെയ്യപ്പെട്ടു.

യാക്കോബായക്കാർ, ഈ തിരുസംഘത്താൽ ശപിക്കപ്പെട്ട് ഏകസ്വഭാവവാദമെന്ന മൊനഫിസായ വിശ്വാസത്തെ ആദരിക്കയും, എവുത്തിക്കനെ ശപിക്കയും, അയാളുടെ ഈ അബദ്ധോപദേശങ്ങളിൽ അയാളുടെ ഉത്തമശിഷ്യനും, അയാളോടൊന്നിച്ച് ഈ സംഘത്താൽ ശപിക്കപ്പെട്ടവനുമായ അലക്സാന്ത്രിയാ പാത്രിയർക്കീസ് ദിയോസ്ക്കോറോസിനെ പരിശുദ്ധനായി ഗണിക്കയും ചെയ്യുന്നതു വിസ്മയനീയംതന്നെ.

V.

## കുസ്തന്തീനോപ്പോലീസിലെ ദ്വിതീയ സൂനഹദോസ്.

ഇതു് ൫൫൩-ൽ വിജീലിയോസ്സ് മാർപ്പാപ്പായുടെയും റോമാ ചക്രവൎത്തിയായ ജസ്റ്റീനിയനൻെറയും ഭരണകാലത്തു് മാർപ്പാപ്പായുടെ അനുമതിയോടെ കുസ്തന്തീനോപ്പോലീസ് പട്ടണത്തിൽ സ്ഥലത്തെ പാത്രിയർക്കീസായ എവുസേക്കിയോസിൻെറ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. അലക്സാന്ത്രിയായിലെ അപ്പൊല്ലിനാറീസ്, അന്ത്യോഖ്യായിലെ ദൊമ്മനോസ് എന്നി പാത്രിയർക്കീസന്മാരും, ഓർശ്ലേം പാത്രിയർക്കീസിൻെറ സ്ഥാനപതിയും, മററു മെത്രാന്മാരുമായി ൧൬൫ പിതാക്കന്മാർ ഇതിൽ സന്നിഹിതരായിരുന്നു.

മെത്രാന്മാരായിരുന്ന ഗിറൂസിലെ തെയോദൊറേത്തു് (Theodoret) മോപ്സുവേസ്ത്യായിലെ തെയോദോറോസ് (Theodorus) എദേസ്സാദിലെ ഈബാസ് (Ibas) എന്ന മൂവരുടെ ചില തെററായ ബോധനങ്ങൾ അടങ്ങിയതും "മൂന്നദ്ധ്യായങ്ങൾ" എന്ന ചരിത്രപ്രസിദ്ധമായ നാമത്താൽ അറിയപ്പെടുന്നതുമായ ചില അബദ്ധോപദേശങ്ങളെ ഈ തിരുസംഘം ശപിക്കയും, ഇതിന്നുമുമ്പ നടന്നിട്ടുള്ള നാലു പൊതുസൂനഹദോസുകളുടെയും, പ്രത്യേകം, അന്നും ചില പാഷണ്ഡികൾ സ്വീകരിക്കാതിരുന്ന കൽക്കദോനിയാ സൂനഹദോസിൻെറയും സാധുതയേയും അധികാരത്തെയും സ്ഥിരീകരിക്കയും ചെയ്തു. വിശ്വവിശ്രുതനായ ഓറിജെൻ (Origen) എന്ന ശാസ്ത്രിയുടേതെന്നു വിചാരിക്കപ്പെടുന്നതും, സൃഷ്ടിയുടെ അദ്യന്തം, നരകശിക്ഷയുടെ നിത്യത ആദിയായ ചില സത്യങ്ങളെ നിഷേധിക്കുന്നതുമായ ചില അബദ്ധോപദേശങ്ങളും ഈ സൂനഹദോസിൽ ശപിക്കപ്പെടുകയുണ്ടായി.

ഈ തിരുസംഘത്തിന്നു മാർപ്പാപ്പായുടെ അംഗീകരണമുണ്ടായിരുന്നുവെന്നല്ലാതെ അദ്ദേഹത്തിൻെറ ഒരു സ്ഥാനപതിപോലും ഇതിൽ ഉണ്ടായിരുന്നില്ലായെന്നുള്ള പ്രത്യേകം സ്മരണീയമാണ്.

## VI.

### കുസ്തന്തിനോപ്പോലീസിലെ തൃതീയ സൂനഹദോസ്.

ഇതു് ക്രി ൬൮൦ - ൬൮൧ എന്നീ കൊല്ലങ്ങളിലായി ആഗത്തോ മാർപ്പാപ്പായുടെയും, റോമാ ചക്രവർത്തിയായ പൊഗൊനാത്തുസിൻെറയും ഭരണകാലത്തു് മാർപ്പാപ്പായുടെ സ്ഥാനപതികളായി നിയോഗിതരായ തെയോദോറസ്, ഗീവറുഗീസ്, യോഹന്നാൻ എന്ന മൂന്നു കർദ്ദിനാളന്മാരുടെ അദ്ധ്യക്ഷതയിൽ കുസ്തന്തിനോപ്പോലീസു പട്ടണത്തിൽ സമ്മേളിച്ചു. കുസ്തന്തിനോപ്പോലീസിലെ ഗീവർഗീസു പാത്രിയർക്കീസും, അലക്സാന്ത്രിയാ പാത്രിയർക്കീസിൻെറ സ്ഥാനപതിയായി പത്രോസെന്നൊരു സന്ന്യാസിയും, അന്ത്യോഖ്യായിലെ മക്കാറിയോസു പാത്രിയർക്കീസും, ഓർശ്ലേം പാത്രിയർക്കീസിൻെറ സ്ഥാനപതിയായി ഗീവർഗീസെന്നൊരു സന്ന്യാസിയും മററു മെത്രാന്മാരുമായി ൧൭൪ പിതാക്കന്മാരും, വിശിഷ്യ പൊഗൊനാത്തുസ് ചക്രവർത്തി തന്നെയും, ഇതിൽ സംബന്ധിച്ചിരുന്നു.

കൽക്കദോനിയാ സൂനഹദോസിനാൽ ശപിക്കപ്പെട്ട എവുത്തിക്കോസിൻെറ 'ഏകസ്വഭാവവാദ'ത്തിൻെറ ഒരു വകഭേദം മാത്രമായ 'ഏകമനവാദ'ത്തെയും (Monothelitism) ഈ വാദത്തിൻെറ ഒരു പ്രസംഗകർത്താവും, അന്ത്യോഖ്യാ പാത്രിയർക്കീസുമായിരുന്ന മക്കാറിയോസിനെയും ശപിച്ചു്, മ്ശിഹായിൽ വ്യത്യസ്തങ്ങളായ ഇരു സ്വഭാവങ്ങൾക്കനുസരണമായി ഇരു മനസ്സുകളും ഇരു പ്രവൃത്തികളും ഉണ്ടെന്നുള്ള ബോധനം ഒരു വേദസത്യമാണെന്നു ഈ തിരുസംഘം പ്രഖ്യാപനം ചെയ്തു.

## VII.

### നിക്യായിലെ ദ്വിതീയ സൂനഹദോസ്.

ഇതു് ക്രി. ൭൮൭-ൽ ൧-ാം അദ്രിയൻ മാർപ്പാപ്പായുടെയും റോമാ ചക്രവർത്തിനിയായ ഇറേനെയുടെയും യുവരാജാവായ കുസ്തന്തീനോസ് ആറാമൻെറയും ഭരണകാലത്തു്, മാർപ്പാപ്പായുടെ രണ്ടു സ്ഥാനപതികളായി നിയോഗിതരായ റോമയിലെ ഒരു പുരോഹിതശ്രേഷ്ഠനായിരുന്ന പത്രോസെന്ന ദേഹത്തിൻെറയും, ഒരു സന്ന്യാസശ്രേഷ്ഠനായിരുന്ന പത്രോസ് എന്ന വേറൊരു ദേഹത്തിൻെറയും അദ്ധ്യക്ഷതയിൽ നിക്യാ നഗരത്തിൽ സമ്മേളിച്ചു. കുസ്തന്തിനോപ്പോലീസിലെ തറാസിസ് പാത്രിയർക്കീസും, അലക്സാന്ത്രിയായിലെ പൊലിസ്യനോസു പാത്രിയർക്കീസിൻെറ പ്രതിനിധിയായി തോമ്മായെന്ന ഒരു സന്ന്യാസശ്രേഷ്ഠനും, അന്ത്യോഖ്യായിലെ തെയോദോറസ്, ഓർശ്ലേമിലെ ഏലിയാ എന്ന ഇരു പാത്രിയർക്കീസന്മാരുടെ സ്ഥാനപതിയായി യോഹന്നാൻ എന്നൊരു ദേഹവും ഉൾപ്പെടെ ഏകദേശം ൩൫൦ പിതാക്കന്മാർ ഇതിൽ സന്നിഹിതരായിരുന്നു.

'സ്വരൂപവിനാശകരുടെ' (Iconoclasts) അബദ്ധോപദേശത്തെ ശപിച്ചുകൊണ്ടു്, ദിവ്യരക്ഷകൻെറയും കന്യാസ്ത്രീമാതാവിൻെറയും വിശുദ്ധരുടെയും പ്രതിമകളും സ്വരൂപങ്ങളും ദേവാലയങ്ങളിലും മററിടങ്ങളിലും തിരുപ്പാത്രങ്ങളിന്മേലും തിരുവസ്ത്രങ്ങളിന്മേലും സ്ഥാപിക്കാവുന്നവയാകുന്നെന്നും, അവയെ കാണുമ്പോൾ അവയാൽ സദൃശീകരിക്കപ്പെടുന്നവരെ സ്മരിക്കുന്നതിനു നമ്മെ സഹായിക്കുന്നതാണെന്നും, അവകളോടു ചെയ്യപ്പെടുന്ന വണക്കവും വന്ദനയും അവകൾ ആരെ സൂചിപ്പിക്കുന്നുവോ അവരോടു ചെയ്യപ്പെടുന്നതാകയാൽ അവയെ ആചരിച്ചു വന്ദിക്കുന്നതിനും, അവയുടെ മുമ്പാകെ ധൂപിക്കുന്നതിനും ദീപങ്ങൾ കത്തിക്കുന്നതിനും വിരോധമില്ലെന്നും, ദൈവേഷ്ടർ എന്ന നിലയിൽ മാത്രം വിശുദ്ധർക്കും അവരുടെ പ്രതിമകൾക്കും ചെയ്യപ്പെടുന്ന വണക്കം നല്ലതും ദൈവത്തിനു പ്രസാദിക്കുന്നതുമാണെന്നും, പ്രസ്തുത വന്ദനയാവട്ടെ ഒരു താഴ്ന്ന തരം വണക്കമെന്നല്ലാതെ ഏകദൈവത്തിനുമാത്രം ചെയ്യപ്പെടാവുന്ന ഉത്തമാരാധനയല്ലായ്കയാൽ യാതൊരു പ്രകാരവും വിരോധിക്കപ്പെടേണ്ടതല്ലെന്നും ഈ തിരുസംഘം തീർമ്മാനിച്ചു പ്രഖ്യാപനം ചെയ്തു.

ഫാദർ ഗ്രിഗോറി സി. ഡി

# അച്ചാ എനിക്കും വേദസാക്ഷിയാകണം.

## III.

മണി പത്തു കഴിഞ്ഞു. ജോസിനെ കാണുന്നില്ല. വൃദ്ധക്കു അന്നു അത്താഴം കഴിക്കുന്നതിനുപോലും ആശ തോന്നിയില്ല. ജോസിനു വിളമ്പിക്കൊടുത്തു തനിക്കും ഒരു പാത്രത്തിൽ വിളമ്പിവച്ചിരുന്നു എട്ടുമണിക്കു പതിവായി ഊണു കഴിക്കുന്ന വൃദ്ധക്കു മണി പത്തുകഴിഞ്ഞിട്ടും വിശപ്പുതോന്നിയില്ലെന്നല്ലേ പറയേണ്ടു. ജോസിനു എന്തു സംഭവിച്ചിരിക്കും എന്നുള്ള ചിന്തയല്ലാതെ മറെറാന്നും വൃദ്ധയുടെ മനസ്സിലില്ല. നേരം പാതിരാ കഴിഞ്ഞു. വൃദ്ധയ്ക്കു പുറത്തേയ്ക്കിറങ്ങി അന്വേഷിക്കുന്നതിനുപോലും ആഗ്രഹം തോന്നിയെങ്കിലും അത്രക്കു ധൈര്യമുണ്ടായില്ല. മഴയുടെ ഉഗ്രതയോ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ജോസിനു എന്തു സംഭവിച്ചു? എന്റെ കുഞ്ഞിനു എന്തു പററി? എന്നു അവൾ അറിയാതെ പറഞ്ഞുകൊണ്ടിരുന്നു. ഇരുന്ന ഇരുപ്പിൽ ഇരുന്നു അല്പം ഒന്നു മയങ്ങിയാൽ ഉടൻ ഭയങ്കരസ്വപ്നം കണ്ടു ഞെട്ടി ഉണരും. പിന്നെയും മയങ്ങും. മയക്കത്തിൽ ജോസുകുഞ്ഞേ! ചോറു വേണ്ടയോ? നിന്റെ പ്രാർത്ഥന തീർന്നില്ലയോ? കിടന്നുറങ്ങുക. കാലത്തെ പള്ളിയിൽ പോകേണ്ടയോ? എന്നിങ്ങനെ ചിലതെല്ലാം പുലമ്പുകയും ഞെട്ടി ഉണരുകയും ഉണർന്നതിന്റെശേഷം തന്റെ തല്ക്കാലസ്ഥിതിയെക്കുറിച്ചു ബോധിക്കയും ജോസിനു എന്തു പററിയിരിക്കും എന്ന ചോദ്യത്തിനു ഉത്തരം കണ്ടുപിടിക്കാൻ ശ്രമിക്കയും ആ ശ്രമത്തിൽ മന്ദിച്ചു മയങ്ങി ഉറങ്ങുകയും ചെയ്തു കൊണ്ടിരുന്നു. ഇങ്ങനെ ആ കാളരാത്രി കഴിഞ്ഞുകൂടി. അഥവാ കഴിച്ചുകൂട്ടി. ഏകദേശം വെളുപ്പാൻ കാലമായപ്പോൾ കാററും മഴയും ഒരു മാതിരി ശമിച്ചു. വൃദ്ധ ഉണർന്നു ജോസ് വന്നോ എന്നു ബാലന്റെ കിടക്കയിൽ ചെന്നു നോക്കി. ജോസിനെ എവിടെക്കാണുന്നു? ഏതായാലും ഇനി അന്വേഷിച്ചു പുറപ്പെടുക എന്നു തന്നെ വൃദ്ധ തീർച്ചപ്പെടുത്തി. വീടു അടച്ചു വഴിയിലേക്കിറങ്ങി. കാവൽമാലാഖായോടു ഹൃദയപൂർവ്വമായ ഒരു പ്രാർത്ഥനയും കഴിഞ്ഞു കുറേവഴി നടപ്പോൾ കണ്ട കാഴ്ച എത്ര ഭയങ്കരം!

രണ്ടുപേരുകൂടി ബോധക്ഷയനും അർദ്ധപ്രാണനുമായ ഒരു കുട്ടിയെ എടുത്തു കൊണ്ടു വരുന്നു. അടുത്തു വന്നപ്പോൾ അതു തന്റെ ജോസു തന്നെയാണെന്നു വൃദ്ധക്കു മനസ്സിലായി. "അയ്യോ എന്റെ കുഞ്ഞിനു എന്തു സംഭവിച്ചു?" എന്നു നിലവിളിച്ചുകൊണ്ടു് അവൾ അവരുടെ പക്കലേക്കു ഓടി എത്തി. വൈഷമ്യമൊന്നുമില്ലെന്നും വിവരങ്ങളെല്ലാം പറഞ്ഞുകേൾപ്പിക്കാമെന്നും സമാധാനപ്പെടുത്തി അവർ വൃദ്ധയേയും കുട്ടിയേയും വീട്ടിൽ കൊണ്ടുചെന്നാക്കി.

കുട്ടിയിൽ ജീവലക്ഷണങ്ങൾ കാണുന്നുണ്ടെന്നല്ലാതെ യാതൊരു ചലനവും പ്രത്യക്ഷപ്പെടുന്നില്ല. നെററിയുടെ ഇടതുവശത്തായി ഒരു മുറിവും, ചങ്കിനു താഴ ശക്തിയായ ഒരു ചതവും കാണുന്നുണ്ടു്. അതിരാവിലെ എന്തോ കാര്യം പ്രമാണിച്ചു പോകയിൽ പള്ളിയിൽനിന്നു ഒരു നാഴിക അകലെ വഴിയരികിലൊരിടത്തു ഈ സ്ഥിതിയിൽ ജോസ് കിടക്കുന്നതായിക്കണ്ടു് അവന്റെ പരിചയക്കാരായ ചിലർ അവനെ വൃദ്ധയുടെപക്കൽ എടുത്തുകൊണ്ടു വന്നതാണു്. എന്തു സംഭവിച്ചുവെന്നു അവരിലാർക്കും കൂടുതലായ യാതൊരറിവും കിട്ടിയിട്ടില്ല. വൃദ്ധയുടെ പ്രലാപങ്ങളും കണ്ണുനീരുകളും വന്നുകൂടിയവരേയൊക്കെ വല്ലാതെ ഇളക്കിക്കളഞ്ഞു. ആരെല്ലാം ആശ്വസിപ്പിച്ചിട്ടും അവരുടെ രോദനം അവസാനിക്കുന്നില്ല.

ഇതിനിടകൊണ്ടു വർത്തമാനങ്ങൾ ഫാദർ നിക്കോലാവോസിന്റെ ചെവിയിൽ എത്തിക്കഴിഞ്ഞു. അദ്ദേഹം ഉടനെ

ഡോക്ടർക്ക് ആളയച്ചിട്ട് ദിവ്യകാരുണ്യവും ഒപ്രുശ്ശാപ്പെട്ടിയും എടുത്തു വൃദ്ധയുടെ പാവപ്പെട്ട ഗൃഹത്തിലെത്തി. ആ ഭവനം കുറേനേരത്തേക്കു സ്വർഗ്ഗീയരാജാവിന്റെ അരമനയായിത്തീർന്നെന്നല്ലെ പറയേണ്ടു. ഒപ്രുശ്ശാപ്പെട്ടിയുടെ മുകളിൽ യഥോചിതം ദിവ്യകാരുണ്യം സ്ഥാപിച്ചു രണ്ടു തിരികളും കത്തിച്ചശേഷം അവരെല്ലാവരും മുട്ടുകുത്തി കുറേനേരം പ്രാർത്ഥിച്ചു. അപ്പോഴേക്കും ഡോക്ടരും വന്നുചേർന്നു. അദ്ദേഹം കുട്ടിയെ പരിശോധിച്ചതിൽ, ശക്തിയായ ഒരു വീഴ്ചകൊണ്ടും ഭയംനിമിത്തവും വന്നിട്ടുള്ള കേടാണെന്നും, ബോധം തെളിയാതെ തന്നേ മരിച്ചേക്കാനിടയുണ്ടെന്നും അഭിപ്രായപ്പെട്ടു. എങ്കിലും ചില പ്രതിവിധികൾ അദ്ദേഹം പ്രവർത്തിച്ചുനോക്കാതിരുന്നില്ല. വൃദ്ധയുടെ ബാഷ്പകണങ്ങളും പരിതസ്ഥിതന്മാരുടെ പ്രാർത്ഥനാപരമ്പരകളും ദിവ്യവൈദ്യന്റെ സന്നിധിയിലും സമർപ്പിക്കപ്പെട്ടുകൊണ്ടിരുന്നു.

പെട്ടെന്നു കുട്ടിയുടെ ഒരു കാല്പം അല്പം ഇളകി. തൽക്ഷണം അവന്റെ കണ്ണുകൾ തുറന്നു. ഫാദർ നിക്കൊളാവോസിനെയാണ് അവന്റെ കൺമുമ്പുകെ അപ്പോൾ കണ്ടത്. സ്നേഹപരവശനായിട്ടെന്നപോലെ "അച്ചാ! എനിക്കും വേദസാക്ഷിയാകാമോ?" എന്ന വാക്കുകൾ അസ്പഷ്ടമായിട്ടെങ്കിലും അവന്റെ അധരങ്ങളിൽനിന്നു പുറപ്പെട്ടവ, പട്ടക്കാരന്റെയും കൂടിയിരുന്ന സകലരുടെയും നേത്രങ്ങൾ അശ്രുധാരയാൽ പൂരിതങ്ങളാക്കി. ഇതു തെളിവു അവസാനത്തേതായിരിക്കുമെന്ന് ഡോക്ടർ അഭിപ്രായപ്പെട്ടതിനാൽ ഉടനെ പട്ടക്കാരൻ അന്ത്യകൂദാശകൾ കൊടുക്കുന്നതിനു തയാറായി. സംക്ഷേപമായിരുന്ന അവന്റെ ഒടുവിലത്തെ പാപസങ്കീർത്തനം കേട്ട്; സഗൽഗതം അവനു വിമോചനം നൽകി. ദിവ്യകാരുണ്യം ഉൾക്കൊള്ളുന്നതിനായി എഴുന്നേറ്റിരുപ്പാൻ ജോസ് ആഗ്രഹിക്കയും ശ്രമിക്കയും ചെയ്തെങ്കിലും തിരുപ്പാഥേയം കിടന്ന കിടപ്പിൽ തന്നെ സ്വീകരിക്കുന്നതിനേ സാധിച്ചൊള്ളു. വേദസാക്ഷികളുടെ രാജാവു തന്റെ ഹൃദയത്തിലേക്കു പ്രവേശിച്ചു ഉടനെ ജോസ് സ്നേഹസാഗരത്തിൽ മഗ്നനായി, ഇരുകരങ്ങളും മാറിൽ ചേർത്ത് തന്നെ ആശ്ലേഷിച്ചു. കുട്ടിയുടെ മുഖം സ്വർഗ്ഗീയപ്രകാശത്താൽ വിളങ്ങി. "അച്ചാ എനിക്കും വേദസാക്ഷിയാകണം" എന്നു മന്ദം മന്ദം പറഞ്ഞുകൊണ്ടു എന്നന്നേക്കുമായി അവന്റെ കണ്ണുകളെ അടയ്ക്കുകയും ചെയ്തു. എല്ലാവരും കണ്ണുനീരോടെ മുട്ടുകുത്തി പ്രാർത്ഥിക്കയിൽ, പട്ടക്കാരൻ ദ്രുതഗതിയിൽ അന്ത്യലേപനവും അവസാനപ്രാർത്ഥനകളും കഴിച്ചു. സ്മേരവദനനായി, കൈകൾ നെഞ്ചിൽ വച്ചുകൊണ്ടു കിടക്കുന്ന ആ ബാലൻ പരലോകഗതനായെന്ന് ഡോക്ടർ പരിശോധിച്ചു തീർച്ചയാക്കിയില്ലെങ്കിൽ ആർക്കും വിശ്വസിക്കാൻ സാധിക്കയില്ലായിരുന്നു.

വൃദ്ധയായ വളർത്തമ്മയുടെ അലർച്ചയും നിലവിളിയും ശക്തിപ്പെട്ടുവന്ന ഈ ഘട്ടത്തിൽ അവിടെ നടന്ന വേറൊരു സംഭവം എല്ലാവരേയും വല്ലാതെ ഇളക്കിക്കളഞ്ഞു. ഏകദേശം എഴുപതു വയസ്സുപ്രായംവരുന്ന ഒരു കിഴവൻ കുട്ടിയുടെ മൃതശരീരത്തിങ്കൽ വന്നിരുന്നുകൊണ്ടു തുടങ്ങിയ പ്രലാപങ്ങൾ കേട്ടവരെല്ലാം ആ സാധു ജോസിന്റെ പിതാവോ, പിതാമഹനോ ആണെന്നു ആദ്യം വിചാരിച്ചുപോയി. പിന്നീടുള്ള ചില വാക്കുകൾ കേട്ട് ഇയാളാണോ ഈ കുലപാതകം ചെയ്തതെന്നും ചിലർ സംശയിക്കാതിരുന്നില്ല. കടശി ഫാദർ നിക്കൊളാവോസവർകൾ അയാളെ വിളിച്ചു ചോദ്യം ചെയ്തപ്പോഴാണ് കാര്യം മനസ്സിലായത്.

ഭിക്ഷാടനംകൊണ്ടു കാലയാപനം ചെയ്യുന്ന ഒരു സാധുവാണ് ഈ വൃദ്ധൻ. തലേദിവസം വൈകുന്നേരം ജോസ് വീട്ടിലേക്കു മടങ്ങുകയിൽ ഇയാൾ നിലവിളിച്ചുകൊണ്ടു വഴിയിൽ ഇരുന്നു എന്തോ തപ്പുകയായിരുന്നു. അന്നു ഭിക്ഷയിരന്നു കിട്ടിയ നാലണയുടെ ഒരു തുട്ടു എവിടെയോ പോയെന്നും, അതു കിട്ടിയല്ലാതെ അത്താഴത്തിനു യാതൊരു വകയുമില്ലെന്നും കേട്ടപ്പോൾ ജോസിന്റെ ഹൃദയം അലിഞ്ഞു. വളരെനേരം അയാളോടുകൂടെ വഴിയിലിരുന്നു അതന്വേഷിച്ചു. കിട്ടിയില്ല. ഒടുവിൽ നേരം ഇരു

ട്ടി. ഭയങ്കരമായ മഴയ്ക്കും കൊടുംകാററിനുമുള്ള ലക്ഷണങ്ങളെല്ലാം കാണപ്പെട്ടു. ഫാദർ നിക്കോലാസിൽനിന്നു തനിക്കു ലഭിച്ച ഒരുരൂപാ എടുത്തു വൃദ്ധനു കൊടുത്തു്, അയാളെ ആശ്വസിപ്പിച്ചിട്ടു് വായുവേഗത്തോടെ ജോസ് വീട്ടിലേക്കു പോവുകയാണു് ചെയ്തതു്. അല്പം കഴിഞ്ഞപ്പോഴേക്കും കാററും മഴയും വളരെ ശക്തിയായി. പട്ടണത്തിലെങ്ങും അതുനിമിത്തം വളരെ നാശങ്ങൾ സംഭവിക്കയുണ്ടായി. അക്കൂട്ടത്തിൽ വലിയൊരു നാശമായിരുന്നു ജോസുകുട്ടിയുടെ അകാലമരണവും. ഇരുട്ടത്തു ഓടിച്ചെന്നു മറിഞ്ഞുവീണു് സംഭവിച്ചതാണെന്നു ഊഹിക്കപ്പെട്ടിരിക്കുന്നു. ഏതായാലും ജോസുകുട്ടി 'ഉപവിയുടെ വേദസാക്ഷി'യായി മരിപ്പാൻ ദൈവം ഇട വരുത്തി എന്നു ഫാദർ നിക്കോലാസ് അവർകൾ ചരമപ്രസംഗത്തിൽ പ്രസ്താവിച്ചതു എത്രയും അർത്ഥവത്തായിരിക്കുന്നു. ശുഭം.

എം. ജെ. അബ്രാഹം വാദ്ധ്യാർ.

# ദിവ്യോപദേശ ശകലങ്ങൾ.

## II.

ക്രിസ്ത്യാനി: ഗുരുവേ! അങ്ങേ ദ്വേഷിക്കുന്ന അങ്ങയുടെ ശത്രുക്കളോടു ഞാൻ എങ്ങനെ പെരുമാറണം.

ക്രിസ്തു:- ഞാൻ അവർക്കുവേണ്ടി മരിച്ചു. ഞാൻ അവരെ സ്നേഹിച്ചു. നീയും അപ്രകാരം ചെയ്യുക.

ക്രിസ്ത്യാനി- സ്നേഹിക്കേണ്ടതെങ്ങനെയെന്നു എന്നെ പഠിപ്പിക്കേണമെ.

ക്രിസ്തു- ഞാൻ നിനക്കു കാട്ടിത്തന്നിട്ടുള്ള ദൃഷ്ടാന്തത്തെ നോക്കി അതിനനുസരണമായി പ്രവർത്തിക്കുക. നിന്റെ അയൽക്കാരനെ ഞാൻ സ്നേഹിച്ചതുപോലെ നീയും സ്നേഹിക്കുക. സ്നേഹം അന്യന്മാർക്കു നന്മ ചെയ്യുന്നതിനുള്ള സ്വപരിത്യാഗം അല്ലാതെ മറെറാന്നുമല്ല. കൂടാതെയും, ഒന്നാമതായി നിന്റെ സ്നേഹം പരമാർത്ഥമായിട്ടുള്ളതായിരിക്കട്ടെ. നിന്റെ അധരങ്ങൾകൊണ്ടുമാത്രം നീ സ്നേഹിച്ചാൽ പോരാ. പിന്നെയോ നിന്റെ പ്രവൃത്തികൾ നിന്റെ സ്നേഹത്തിന്റെ അടയാളങ്ങൾ ആയിരിക്കട്ടെ. നിന്റെ സോദരന്മാരോ, സോദരികളോ നഗ്നരായും, ക്ഷുധിതരായും ഇരിക്കുമ്പോൾ കർണ്ണാനന്ദകരമായ പാട്ടുകൾ അവരെ കേൾപ്പിച്ചതുകൊണ്ടുള്ള പ്രയോജനമെന്തു? "എന്റെ ഏററവും പ്രിയപ്പെട്ട സോദരസോദരികളേ നിങ്ങൾ വല്ലതും ഭക്ഷിച്ചാലും" എന്നുള്ള സൌമ്യവചനങ്ങൾമാത്രം അവർക്കു ഭക്ഷണമോ, വസ്ത്രമോ ആകുന്നില്ല. നിന്റെ സ്നേഹം ഔദാര്യസംപൂർണ്ണമായിരിക്കട്ടെ. അല്ലാതെ കേവലം പ്രതിപകരത്തെയോ മനുഷ്യനിർമ്മിതമായ എന്തെങ്കിലും പ്രമാണത്തെയോ അടിസ്ഥാനപ്പെട്ടതായിരിക്കരുതു്. നീ നിന്റെ വസ്തുക്കളെ തിരിച്ചുതരുവാൻ പ്രാപ്തന്മാർക്കുമാത്രം കൊടുക്കുന്നുവെങ്കിൽ ഒരു നല്ല സമ്മാനത്തിനു നീ അർഹനായിഭവിക്കയില്ല. ദുഷ്ടന്മാരും ചുങ്കക്കാരും ഇതു ചെയ്യുന്നില്ലയോ? ആയതുകൊണ്ടു നിനക്കുള്ളതിനെ നിന്നോടു ആവശ്യപ്പെടുന്നവർക്കെല്ലാം കൊടുക്കുക. അവ തിരികെ കിട്ടുമോ ഇല്ലയോ എന്നു നീ ആലോചിക്കേണ്ടാ. അപ്പോൾ നീ ഒരു നല്ല സമ്മാനത്തിനു പാത്രീഭൂതനാകും. ഞാൻതന്നെ നിനക്കു സമ്മാനം തരും. നീ ഒരു വിരുന്നു കഴിക്കുമ്പോൾ നിന്റെ സ്നേഹിതന്മാരെയോ, സഹോദരന്മാരെയോ, ബന്ധുജനങ്ങളേയോ, സമ്പന്നന്മാരായ അയൽക്കാരെയോ അല്ല ക്ഷണിക്കേണ്ടതു്. ഒരുപക്ഷേ അവരും നിന്നെ ക്ഷണിക്കയും, നിനക്കു പ്രതിപകരം ലഭിക്കയും ചെയ്യും. എന്നാൽ നീ വിരുന്നു കഴിക്കുമ്പോൾ ദരിദ്രരെയും, ഊനമരെയും, മുടന്തരെയും, കുരുടരെയും ക്ഷണിക്കുക. നിനക്കു പ്രത്യുപകാരം ചെയ്യുവാൻ അവർക്കില്ലാത്തതിനാൽ നീ ഭാഗ്യവാനായിരിക്കും. എ

ണ്ടുകൊണ്ടെന്നാൽ നീതിമാന്മാരുടെ ഉയിൎപ്പിൽ നിനക്കു പ്രതിസമ്മാനം ലഭിക്കും. എന്റെ കുഞ്ഞെ വാങ്ങിക്കുന്നതിനെക്കാൾ കൊടുക്കുന്നതു് എത്രയോ നല്ലതാകുന്നു. കൊടുക്കുക, അപ്പോൾ നിന്റെമേൽ ഞാൻ എന്റെ ആശിസ്സുകളെ വൎഷിക്കുകയും, നിന്റെ ആത്മാവിനു അനേക ദാനങ്ങളെ നൽകുകയും ചെയ്യും. ആകയാൽ മനുഷ്യർ നിനക്കെന്തെല്ലാം ചെയ്യണമെന്നു് നീ ഇച്ഛിക്കുന്നുവോ, അവ നീ അവൎക്കും ചെയ്യുക. ഇതാകുന്നു സ്നേഹത്തിന്റെ പ്രമാണം.

---

മത്തായി XV. 8. V. 42, 43.
ലൂക്കാ XIV. 12, 13, 14.

ജെ. ചാക്കോ വള്ളവന്തറ.

## ക്ഷമാകുരിശുരൂപത്തിന്റെ ഭക്തസഖ്യം.

ക്രിസ്ത്യാനികളുടെ അടയാളം കുരിശടയാളമാണല്ലൊ. മനുഷ്യരെ ദൈവത്തോടു സമാധാനപ്പെടുത്തുന്നതിനും, അന്യോന്യം ഐകമത്യത്തിൽ പാലിക്കുന്നതിനും കുരിശിനു അസാമാന്യമായ ഒരു ശക്തിയുണ്ടു്. ഇതിനാൽ വി. പൌലോസു ക്രൂലസ്സായക്കാൎക്കു ഇങ്ങനെ എഴുതിയിരിക്കുന്നു. "അയാളുടെ കുരിശിന്റെ രക്തത്താൽ സമാധാനത്തെ ഉണ്ടാക്കി, അയാൾ വഴിയായി ഭൂമിയിലുള്ളവയും സ്വൎഗ്ഗത്തിലുള്ളവയുമായ സകലത്തേയും തന്നോടു പുനരൈക്യപ്പെടുത്തുവാൻ അവന്നു ഇഷ്ടമായി" (ക്രൂലസ. 1. 20)

ഇപ്രകാരം, ദൈവത്തിൽ നിന്നും തിരുസഭയിൽനിന്നും അകന്നവരെ തന്നോടുതന്നെയുള്ള ഐക്യത്തിലും, സഹോദരന്മാർ, സ്നേഹിതന്മാർ, കുടുംബങ്ങൾ, സമുദായങ്ങൾ ജാതികൾ ആദിയായി സകലവും അന്യോന്യ ഐക്യത്തിലും സ്ഥാപിക്കുന്നതിനുള്ള ഒരു ഭക്തസഖ്യമാകുന്നു മേല്പറയപ്പെട്ട കുരിശിന്റെ സഖ്യം.

൧൮൭൦-ൽ റോമ്മായിൽ നടന്ന മരിയ മഹാജനസംഘാവസരത്തിലാണ് ഈ സഖ്യം ആരംഭിച്ചതു്. പരിശുദ്ധ പിതാവു മാൎപ്പാപ്പാ തിരുമനസ്സുകൊണ്ടും, സംഘത്തിൽ സംബന്ധിച്ചിരുന്ന കർദ്ദിനാളന്മാർ വൈദികാദ്ധ്യക്ഷന്മാർ മുതലായവരും, ഇതിന്റെ ശ്രേഷ്ഠമായ ഉദ്ദേശത്തെ ശ്ലാഘിക്കയും, അതിനു വിജയം ആശംസിക്കയുമുണ്ടായി. വേദപ്രചാരണസംഘത്തിന്റെ ഉത്ഭവസ്ഥാനമായ ഫ്രാൻസിലെ ലയോൻസു നഗരത്തിലുള്ള മംഗലവാൎത്തയുടെ ദേവാലയത്തിലാണ് ഈ സഖ്യം മുറപ്രകാരം സ്ഥാപിക്കപ്പെട്ടിരിക്കുന്നതു്. എല്ലാ രാജ്യങ്ങളിലും ഇതു ശീഘ്രമായി വ്യാപിച്ചുവരുന്നുണ്ടു്. ലയോൻസിലുള്ള സംഘരജിസ്റ്ററിൽ പേരെഴുതിക്കയും, ഒരു കുരിശുരൂപം സദാ ഭക്തിപൂൎവ്വം ധരിച്ചുകൊണ്ടു നടക്കയും പുനരൈക്യസാദ്ധ്യത്തിനായിട്ടുള്ള ചില ജപങ്ങൾ ചൊല്ലുകയും ചെയ്യണമെന്നുള്ളതു മാത്രമാണ് സഖ്യാംഗങ്ങളുടെ പ്രധാനകടമകൾ. ഇപ്രകാരം കുരിശുരൂപം ധരിക്കുന്നവൎക്കു പ്രതിദിനം ൩൦൦ ദിവസത്തെയും, ഭക്തിപുരസ്സരം പ്രസ്തുതരൂപം ചുംബിക്കുന്ന ഓരോ തവണയ്ക്കും ൫൦ ദിവസത്തെയും ദണ്ഡവിമോചനങ്ങൾ പ്രാപിക്കാവുന്നതുകൂടാതെ, മരണനേരത്തു അന്ത്യക്രിദാശകൾ കൈക്കൊണ്ട ശേഷമോ, അതിനു പാടില്ലാതെവന്നാൽ മനസ്താപപ്പെട്ടുകൊണ്ടോ ഈ കുരിശുരൂപം ചുംബനം ചെയ്യുന്നതായാൽ പൂൎണ്ണദണ്ഡവിമോചനവും ലഭിക്കുന്നതാണ്. "ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ! ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ പൊറുക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും പൊറുക്കു" എന്നു ഈ കുരിശിന്റെ മുമ്പാകെ ചൊല്ലുന്ന ഓരോ പ്രാവശ്യവും ഏഴു വൎഷത്തെ

യും ഏഴ മണ്ഡലത്തേയും ദണ്ഡവിമോചനം നിശ്ചയിച്ചിട്ടുണ്ട്. പൂൎണ്ണവും അപൂൎണ്ണവുമായ മററനവധി ദണ്ഡവിമോചനങ്ങളും സഖ്യാംഗങ്ങൾക്കു പ്രാപിക്കാവുന്നതാണ്.

ഏതു തരത്തിലുള്ള കുരിശുരൂപവും ഇതിലേക്കു ഉപയോഗിക്കാവുന്നതും, ഒരു സ്ലീവാ അടയാളംകൊണ്ടുമാത്രം ഏതു പട്ടക്കാരനും ഇതു ആശീൎവ്വദിക്കാവുന്നതുമാകുന്നു.

ക. നി. മൂ. സ. കെറുബീൻ പട്ടക്കാരൻ.

# തിരുഹൃദയഭക്തന്മാർ ൧൯൨൯ വൃശ്ചികമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

## മഹമ്മദീയരുടെ മാനസാന്തരം.

ഏഴാം ശതാബ്ദത്തിന്റെ മദ്ധ്യകാലത്തു് അറേബ്യായിലാണു മഹമ്മദുമതത്തിന്റെ ആരംഭം. മതസ്ഥാപകനായ മഹമ്മദ് അസാമാന്യബുദ്ധിസാമൎത്ഥ്യവും അത്ഭുതപൂൎവ്വമായ യുദ്ധവൈദഗ്ദ്ധ്യവുമുള്ള ഒരു സ്വരാജ്യസ്നേഹിയായിരുന്നു. സിറിയായിലെ യൂദന്മാരുടെയും ക്രിസ്ത്യാനികളുടേയും മതബോധനങ്ങളെ ഏകദേശം മനസ്സിലാക്കിയശേഷം, തന്റെ ഗുണലക്ഷണങ്ങൾക്കിണങ്ങിയ വിധത്തിൽ അവയെ രൂപാന്തരപ്പെടുത്തി നവമായി ഒരു മതം അദ്ദേഹം പ്രസംഗിക്കയാണുണ്ടായതു്. യുദ്ധപ്രിയന്മാരായ അനവധി ജനങ്ങൾ അദ്ദേഹത്തെ അനുഗമിച്ചു. ഒരു ശതവൎഷത്തിനിടകൊണ്ടു പലസ്തീനാ, സിറിയാ, മെസെപ്പൊത്താമിയാ, എജിപ്തു്, ആഫ്രിക്കാ, സ്പെയിൻ ആദിയായ രാജ്യങ്ങളിൽ പുതിയ മതം കടന്നുകൂടി. ക്രിസ്തീയലോകം മുഴുവൻ അതിനോടു് എതൃക്കുകയും, പലപ്പോഴും അടിപതിപ്പിക്കയും ചെയ്തെങ്കിലും ഇന്നും അതു് ഒരു വലിയ ശക്തിയായി ശേഷിച്ചിരിക്കുന്നു. ഇരുപത്തുമൂന്നുകോടിയിൽപ്പരം വരുന്ന ഈ മതാനുയായികൾ ലോകത്തിന്റെ ജനസംഖ്യയിൽ ഏഴിലൊരു ഭാഗത്തെ അടക്കിക്കൊള്ളുന്നുണ്ടു്.

മഹമ്മദീയ ജനങ്ങളുടെ ആദ്ധ്യാത്മിക അധികാരംകൂടി തുൎക്കിസുൽത്താനിലാണല്ലൊ സ്ഥാപിക്കപ്പെട്ടിരുന്നതു്. ഓട്ടോമാൻകുടുംബത്തിൽപ്പെട്ട ഈ സുൽത്താന്മാർ ക്രിസ്ത്വാബ്ദം ൧൨൯൯-ലാണ് ഭരണം ആരംഭിച്ചതു്. അറുനൂറിൽപ്പരം സംവത്സരങ്ങളായി മുപ്പത്തേഴ സുൽത്താന്മാർ അനുസ്യൂതമായി അധികാരം നടത്തുകയുണ്ടായിട്ടുണ്ടു. ഈ ശ്രേഷ്ഠാധികാരം മഹമ്മദീയ ജനത്തിന്റെ ശക്തിക്കു ഏറെക്കുറെ ഹേതുഭൂതമായിട്ടാണ് പരിഗണിക്കപ്പെട്ടു വന്നിരുന്നതു. എന്നാലിതാ ഇപ്പോൾ സുൽത്താന്റെ അധികാരം നാമാവശേഷമായിരിക്കുന്നുവെന്നുമാത്രമല്ല, ഇക്കഴിഞ്ഞ മാസം മുതൽ തുൎക്കിയിൽ ജനാധിപത്യഭരണവും ഏൎപ്പെടുത്തിയിരിക്കുന്നു. മഹമ്മദീയരുടെ ഇടയിൽ ഇതു ഒന്നാമത്തെ പ്രജാധിപത്യമാണ്. സുൽത്താന്റെ ക്രൂരവാഴ്ചയുടെ ആസ്ഥാനമായിരുന്ന കോൺസ്റ്റാന്റിനോപ്പിളിൽനിന്നു അംഗോറായിലേക്കു തലസ്ഥാനവും പൂൎണ്ണമായി മാററുന്നതിനാണു തീൎച്ചപ്പെടുത്തിയിരിക്കുന്നതു്. മഹമ്മദീയജനത്തിനു സ്വാതന്ത്ര്യത്തിന്റെ ഒരു പുതിയ ശതകം ആരംഭിച്ചിരിക്കുന്നുവെന്നു പറയാം. മതസ്വാതന്ത്ര്യത്തിനും ഇക്കൂട്ടത്തിൽ ഒരു പ്രധാന ഭാഗം ലഭിക്കുമെന്നു ആശംസിക്കാവുന്നതാണ്. ആകയാൽ മതനിഷ്ഠയ്ക്കു സുപ്രസിദ്ധരായ ഈ വലിയ ജനക്കൂട്ടം, സാക്ഷാൽ ലോകരക്ഷകനായ മ്ശിഹായുടെ ഏക സത്യമതത്തെ ക്രമേണ അവലംബിച്ചുകാണ്മാൻ തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകിച്ചു പ്രാൎത്ഥിപ്പാറാകണം.

ധനുമാസം, "അൽമായ പ്രേഷകത്വം"

ക്ഷകനായ മ്ശിഹായുടെ ഏക സത്യമതത്തെ ക്രമേണ അവലംബിച്ചുകാണ്മാൻ തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകിച്ചു പ്രാൎത്ഥിപ്പാറാകണം.

ധനുമാസം, "അൽമായ പ്രേഷകത്വം"

# പുതിയ പ്രസിദ്ധീകരണങ്ങൾ

## 1. ബുദ്ധമതം.

കൊൺവേർഷ്യൻലീഗു പ്രസിദ്ധീകരണം.
നമ്പർ 20.

ക്രിസ്ത്വബ്ദം ആറാംനൂററാണ്ടിൽ ഉത്തര ഭാരതത്തിൽ ജനിച്ചുവളൎന്ന ഒരു നവീന ചിന്താപദ്ധതിയാണ് ബുദ്ധമതം. ഇൻഡ്യയിലും ഇൻഡ്യയുടെ പരിതഃപ്രദേശങ്ങളിലും കുറേക്കാലത്തേയ്ക്കു അതിനു പ്രചാരമുണ്ടായിരുന്നു. അനന്തരം അതു കാലക്രമേണ അധോഗതിയെ പ്രാപിക്കയാണു ചെയ്തതു്. എന്നാൽ തെക്കേ ഇൻഡ്യയിലുള്ള ചില ഈഴവസഹോദരങ്ങൾ അവരുടെ ഇടയിലുള്ള ഇപ്പോഴത്തെ മതകലക്കത്തിനിടയിൽ ബുദ്ധമതത്തെ കേരളത്തിലൊന്നു പ്രതിഷ്ഠിപ്പാൻ ഉദ്യമിച്ചുവരുന്നുണ്ടു്. അതിനാൽ പ്രസ്തുത മതത്തിൻെറ വിലയും നിലയും കേരളീയരെ മനസ്സിലാക്കുന്നതിനുള്ള കൊൺവേർഷ്യൻലീഗുകാരുടെ ഈ ശ്രമം അത്യന്തം അവസരോചിതമായിരിക്കുന്നു. മതമെന്നുള്ള പേരിനുതന്നെ ബുദ്ധമതത്തിനു അവകാശമില്ലെന്നു ശാസ്ത്രീയമായും യുക്തിപൂൎവ്വമായും ഈ ലഘുലേഖ തെളിയിക്കുന്നുണ്ടു്.

## 2. കവിതാവല്ലരി.

ഒളശ; വരിസംഖ്യ ആണ്ടിൽ 2 ക.

ഒളശയിൽനിന്നു പുറപ്പെട്ടുതുടങ്ങിയിരിക്കുന്ന ഞങ്ങളുടെ ഈ മാന്യസഹജീവി കേരളീയ യുവകവികൾക്കു ഒരു ആപ്തമിത്രമായി പരിണമിക്കാതെയിരിക്കയില്ലെന്നാണ് ഞങ്ങളുടെ വിശ്വാസം. 'പദ്യപ്രിയന്മാർ കുറഞ്ഞും ഗദ്യപ്രിയന്മാർ വൎദ്ധിച്ചുമിരിക്കുന്ന ഇക്കാലത്തു ഒരു പദ്യമാസിക പുറപ്പെടുവിക്കാൻ' ഭാരവാഹികളെ പ്രേരിപ്പിച്ചിട്ടുള്ളതു്, ഈ ന്യൂനതയെ പരിഹരിക്കണമെന്നുള്ള ആഗ്രഹം തന്നെയാണെന്നു കാണുന്നു. വള്ളത്തോൾ പ്രമുഖന്മാരായി പേരുകേട്ട പല മഹാകവികളുടെ സാഹായ്യസഹകരണങ്ങളും 'വല്ലരി'ക്കുണ്ടെന്നറിയുന്നതു ശുഭോദൎക്കം തന്നേ.

## 3. മതിദീപം.

പൊൻകുന്നം, കാഞ്ഞിരപ്പള്ളി;
വരിസംഖ്യ 2 ക.

കഴിഞ്ഞ മാസത്തിൽ ജനിച്ചിട്ടുള്ള വേറൊരു മാസികാഗ്രന്ഥമാണ് 'മതിദീപം'. ആർ. ഈശ്വരപിള്ള ബി ഏ. അവർകളുടെ "പ്രയത്നവും ബുദ്ധിശക്തിയും", പി. അനന്തൻപിള്ള എം. ഏ. അവർകളുടെ "ത്രിവിധ ഗ്രന്ഥപാരായണക്കാർ" ആദിയായി പല നല്ല ലേഖനങ്ങൾ ഈ മാസികയുടെ നാമത്തെ അൎത്ഥവത്താക്കിച്ചെയ്യുന്നുണ്ടു്. 'മതിദീപം' ദീൎഘകാലം തെളിഞ്ഞുകാണ്മാൻ ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

## 4. വ്യവസായമിത്രം.

തിരുവല്ലാ, വരിസംഖ്യ 2 ക. 8 ണ.

പുതിയ പ്രസിദ്ധീകരണങ്ങളുടെ പേരു കേൾക്കുന്നതുതന്നെ അസഹ്യമായിത്തീൎന്നിരിക്കുന്ന ഒരു കാലമാണിതു്. അച്ചടിച്ച വല്ലതും നാലു കടലാസുകൾ കൂട്ടിക്കുത്തി വലിയക്ഷരത്തിൽ എന്തെങ്കിലും ഒരു പേരും ചാൎത്തി പുറത്തിറക്കിവിടുന്നതുകൊണ്ടു് ചാരിതാൎത്ഥ്യമടയുന്നവരുടെ തുക ദൈനംദിനം വൎദ്ധിച്ചുവരുന്നതിനാലുള്ള പല ദൃഷ്ട്യങ്ങളിൽ ഒന്നായിട്ടു ഇതു കരുതാനുള്ളൂ. ഇതിനാൽ ഇടയ്ക്കിടെ വെളിയിൽ വന്നുകൊണ്ടിരിക്കുന്ന ചില ഉത്തമ പ്രസിദ്ധീകര

ണങ്ങളുടെ പ്രയോജനവും ജനസാമാന്യത്തിനു സിദ്ധീഭവിപ്പാനിടയാകുന്നുണ്ട്. മെസ്സേഴ്സ് ചെറിയാൻ പുതിയകോട്ട ബി. ഏ., എം. കെ. അബ്രാഹം ബി. ഏ. എന്നിവരുടെ അഭിമുഖ്യത്തിൽ തിരുവല്ലായിൽനിന്നു നവമായി പുറപ്പെട്ടിരിക്കുന്ന "വ്യവസായമിത്രം" ഈ തരത്തിലുള്ള ഒരു നല്ല പ്രസിദ്ധീകരണമാണെന്നഭിപ്രായപ്പെടുന്നതിൽ പക്ഷാന്തരമുണ്ടാകുമെന്നു ഞങ്ങൾക്കു തോന്നുന്നില്ല. വ്യവസായം അഭിവൃദ്ധിപ്പെട്ടെങ്കിലേ നമ്മുടെ രാജ്യം ഐശ്വര്യം പ്രാപിക്കയുള്ളു. ഈദൃശ പ്രസിദ്ധീകരണങ്ങളുടെ പ്രചുരപ്രചാരം കൊണ്ടാണ് ജനങ്ങളുടെ ശ്രദ്ധയെ വേണ്ടപോലെ ഇതിലേക്കാകർഷിക്കേണ്ടത്. ഇംഗ്ലീഷിലും മലയാളത്തിലുമായി ഇതിൽ ചേർത്തിട്ടുള്ള പല ലേഖനങ്ങളും ഈ ഉദ്ദേശസാദ്ധ്യത്തിനു പര്യാപ്തങ്ങളായിരിക്കുന്നു. വ്യവസായമിത്രത്തിനു ഞങ്ങൾ സർവ്വവിജയവും ആശംസിച്ചുകൊള്ളട്ടെ!

# വർത്തമാന സംഗ്രഹം

## കേരളം.

തിരുവനന്തപുരത്തുനിന്നു കത്തോലിക്കരുടെ വകയായി ഒരു മലയാള പ്രത്യദ്ധ്വാരപ്പത്രം താമസിയാതെ പുറപ്പെടുമെന്നറിയുന്നു.

കൊച്ചി മഹാരാജാവു തിരുമനസ്സിലേക്കു വാതരോഗംനിമിത്തം നേരിട്ടിരുന്ന അലസ്യത്തിനു വളരെ ശമനമുള്ളതായിക്കാണുന്നു.

മംഗലപുരത്തേയ്ക്കു പുതുതായി നിയമിക്കപ്പെട്ട ഏതദ്ദേശീയനായ അഡ്മിനിസ്ത്രൂയിററർ തൽസ്ഥാനം സ്വീകരിക്കായ്കയാൽ ഡോക്ടർ പോൾ പെരിനി തിരുമനസ്സുകൊണ്ടു കോഴിക്കോട്ടെ മെത്രാനായിരിക്കുന്നതോടുകൂടി മംഗലപുരം അഡ്മിനിസ്ത്രൂയിററർ ജോലിയും തല്ക്കാലം വഹിക്കണമെന്നു കല്പനയുണ്ടായിരിക്കുന്നു.

പരിഷ്കരിക്കപ്പെട്ട മദ്രാസ് സർവ്വകലാശാലയുടെ മൂന്നു ഭരണസ്ഥാപനങ്ങളിലൊന്നായ അഫിലിയെയിററഡ് കോളജ് കൌൺസിലിലേക്ക് ചങ്ങനാശേരി സെൻറ് ബെർക്ക്മാൻസ് കോളജ് പ്രിൻസിപ്പാൾ റവ ഫാദർ പുരസ്സൂൻ എം. എ. അവർകളെ ഒരംഗമായി തെരഞ്ഞെടുത്തിരിക്കുന്നതിൽ സന്തോഷിക്കുന്നു.

കേരളീയ കർമ്മലീത്താ സഭയിൽപെട്ട ബ. കുര്യാക്കോസ് ഏലിയാ (ചാവറ, കൈനകരി) ബ. കൊർണേലിയോസ് (ചിററിലപ്പള്ളി, അവിട്ടത്തൂർ) ബ. അബ്രാഹം (മുള്ളങ്കുഴി, വാഴക്കുളം) എന്ന ശെമ്മാശ്ശന്മാർ കഴിഞ്ഞ മാസം 19-ാം നു- വെള്ളിയാഴ്ച മംഗലപുരത്തുവെച്ചു കർബാനപ്പട്ടമേല്ക്കുകയും 22-നു- തിങ്കളാഴ്ച അവിടെവച്ചുതന്നെ നവപൂജ അർപ്പിക്കയും ചെയ്തിരിക്കുന്നു. "കുസുമം" നവവൈദികന്മാർക്കു മംഗളം ആശംസിച്ചുകൊള്ളുന്നു.

റോമ്മയിൽനിന്നു തിരിച്ചെത്തിയിരിക്കുന്ന റവ. ഫാദർ മാത്യു തെക്കനാട്ടു പി. എച്ച്. ഡി. ഡി. ഡി. അവർകൾക്കു അദ്ദേഹത്തിന്റെ ഇടവകക്കാർ ചേർന്നു ഒരു മംഗളപത്രവും സ്വർണ്ണമെഡലും സമർപ്പിച്ചിരിക്കുന്നു

ബ്രിട്ടീഷ് ഗവർമ്മെണ്ടുവക അഞ്ചുതെങ്ങും തങ്കശ്ശേരിയും തിരുവിതാംകൂറിനു വിട്ടുകൊടുത്തിട്ടു, തിരുനൽവേലി ഡിസ്ത്രിക്ടിനോടു അടുത്തുകിടക്കുന്ന കന്യാകുമാരിയിലുള്ള ഏതാനും സ്ഥലം ബ്രിട്ടീഷ് ഗവർമ്മെണ്ടു എടുക്കുവാൻ ആലോചനയുള്ളതായി കേൾക്കുന്നു.

വരാപ്പുഴ പുത്തൻപള്ളി സെമിനാരിയിൽ പഠിച്ചു ഈയിട പട്ടമേററ റവ. ജോർജ്ജ് കാട്ടാശ്ശേരി അവർകളെ കാനൻലോ സംബന്ധിച്ചു ഉയർന്നപഠനത്തിനായി റോമ്മായിക്ക് വിടുന്നതി

നു വരാപ്പുഴ മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു നിശ്ചയിച്ചിരിക്കുന്നു.

## ഇൻഡ്യാ.

ബോംബേ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ജപ്പാനിലെ ക്ഷാമപീഡിതക്കു ൫൦൦൦ രൂപ പിരിച്ചയച്ചിരിക്കുന്നു.

ഗവർണ്ണർ ജനറാളിൻെറ ഏജൻറായി നിയമിക്കപ്പെട്ടിരിക്കുന്ന മിസ്റ്റർ കോട്ടൻെറ ശമ്പളം ൩൨൦൦൦ ക. ആയിരിക്കുന്നതാണ്. ബ്രിട്ടീഷ് റസിഡണ്ടിൻെറ ശമ്പളം ൨൫൦൦൦ ക. ആയിരുന്നു.

കേരളീയ ക്രിസ്ത്യാനികൾക്കു പലവിധത്തിലും പരിചിതനായിത്തീർന്നിട്ടുള്ള യാക്കോബായ മെത്രാപ്പോലീത്താ ആയ ആൽവരേസ് അവർകൾ തൻെറ സ്വദേശമായ ഗോവയിൽവച്ചു ഈയിടെ നിര്യാതനായിരിക്കുന്നു.

നൈസ്സാം മഹാരാജാവിനു രസിക്കാത്ത ചില ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി എന്നുള്ള കാരണത്തിന്മേൽ "ഹിന്ദു" പത്രം മേലാൽ ഹൈദരബാദിൽ പ്രവേശിപ്പിക്കരുതെന്നു വിളംബരം ചെയ്തിരിക്കുന്നു.

സിംല മുതലായ സ്ഥലങ്ങളിലും കഴിഞ്ഞമാസത്തിൽ ഒരു ഭൂകമ്പമുണ്ടായതായി കാണുന്നു.

## ഇററലി.

മാർപ്പാപ്പാതിരുമനസ്സുകൊണ്ടു ജപ്പാനിലെ ദലഗാദപ്പസ്തോലിക്കാവഴി അവിടത്തെ ചക്രവർത്തിക്കു അയച്ച സഹതാപസന്ദേശത്തോടുകൂടി ഇരുപതിനായിരം ഡോളറു സംഭാവനചെയ്തതായി കാണുന്നു.

സെപ്റ്റംബർ ൬ മുതൽ ൯ വരെ തീയതികളിൽ ജെനോവായിൽ നടന്ന ദിവ്യകാരുണ്യമഹാസംഘത്തിൽ എട്ടു കർദ്ദിനാളന്മാരും, ൯൨ മെത്രാപ്പോലീത്താമാരും മെത്രാന്മാരും, സംബന്ധിച്ചതായും, അവസാനദിവസത്തെ പ്രദക്ഷിണം കരയ്ക്കും കടലിലും കൂടി നടത്തിയതായും അറിയുന്നു.

തിരുവിതാംകൂർ, കൊച്ചി മഹാരാജാക്കന്മാരുടെ തിരുനാൾ പ്രമാണിച്ചു, ഇൻഡ്യയുടെ ദലഗാദപ്പസ്തോലിക്കാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ പ്രോപ്പഗാന്ത സെമ്മിനാരിയിലെ മലയാള സമാജത്തിൻെറ ഒരു അസാധാരണയോഗം കൂടി മംഗളാശംസകമ്പികൾ അയച്ചതായി കാണുന്നു.

സ്പെയിനിലെ പതിമൂന്നാമത്തെ അല്ഫോൻസ് രാജാവും, എവുജേനിയാ രാജ്ഞിയും കൂടി നവംബർമാസത്തിൽ പരിശുദ്ധ പിതാവിനെ സന്ദർശിക്കുന്നതാണ്.

ഇററലിയിലെ പ്രാഥമിക വിദ്യാലയങ്ങളിൽ മതപഠനം നിർബന്ധമാക്കിക്കൊള്ളണമെന്നുള്ള ഒരു രാജകല്പന കഴിഞ്ഞമാസത്തിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അമ്പതുവർഷം കഴിഞ്ഞപ്പോളാണ് ബോധം തെളിഞ്ഞതു്.

## ഇംഗ്ലണ്ട്.

പി. ജെ. തോമസ് എം. ഏ. ബി. ലിററ്. അവർകൾ അടുത്ത ആണ്ടാരംഭത്തോടെ മടങ്ങി എത്തുന്നതാണെന്നറിയുന്നു.

തിരുഹൃദയ പ്രതിഷ്ഠയുടെ പ്രേഷിതനായ ഫാദർ മത്തേയോ ക്രോലി അവർകൾ കഴിഞ്ഞമാസം ആരംഭം മുതൽ ബ്രിട്ടീഷ് ദ്വീപുകളിലെത്തി പ്രസംഗിച്ചുവരുന്നു. പത്തൊൻപതു രൂപതകളിൽ സഞ്ചരിക്കണമെന്നാണ് അദ്ദേഹം തീർച്ചയാക്കിയിരിക്കുന്നതു.

ക. നി. മൂ. സ. ഫാദർ അത്തനാസിയൂസ് അവർകൾ കഴിഞ്ഞമാസം ൧൨-ാംനു ഇംഗ്ലണ്ടിൽനിന്നും മടങ്ങി പാവർട്ടി ആശ്രമത്തിൽ എത്തിയിരിക്കുന്നു.

പുതിയ ഐറിഷ് പാർലിമെൻറിൽ ൧൫ പ്രോട്ടസ്റ്റൻറ് സാമാജികന്മാരുള്ളതായി കാണുന്നു.

മുമ്പു ഇൻഡ്യയുടെ സ്റ്റെയിററു സെക്രട്ടറിയായിരുന്ന മോർലിപ്രഭു അവർകൾ സെപ്റ്റംബർ ൨൩-ാംനു ൮൫-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

## ജർമ്മനി.

ഫ്രാൻസുകാർ കൈവശപ്പെടുത്തിയിരുന്ന റൂർപ്രദേശത്തു ജർമ്മൻകാർ സ

ഫകരണത്യാഗം ഉപേക്ഷിച്ചു വേല ആരംഭിച്ചിരിക്കുന്നു.

രൂർപ്രദേശം നഷ്ടപ്പെട്ടതിനാലേ ജൎമ്മനിയിലെ സ്ഥിതിസമത്വവാദികളും രാജപക്ഷക്കാരും ലഹള തുടങ്ങിയിട്ടുണ്ട്. കിരീടാവകാശിയായ രാജകുമാരൻ ബവേറിയായിൽ എത്തിയിരിക്കുന്നു.

ഫ്രഞ്ചുകാരുടെ പ്രേരണനിമിത്തവും മററും റൈൻ പ്രദേശങ്ങൾ സ്വാതന്ത്ര്യപ്രഖ്യാപനം ചെയ്തിരിക്കുന്നു. ബവേറിയായും സാക്സനിയും സ്വാതന്ത്ര്യത്തിനായി ശ്രമിക്കുന്നുണ്ട്.

നഷ്ടപരിഹാര സംഖ്യ കൊടുത്തുതീർക്കുന്നതിനു ജൎമ്മനിക്കു പ്രാപ്തിയുണ്ടോ എന്നു വിധിക്കുന്നതിലേക്കു ഒരു കമ്മിററിയെ നിയമിക്കണമെന്നും, അതിൽ ഒരു അമേരിക്കൻ പ്രതിനിധികൂടെ ഉണ്ടായിരിക്കണമെന്നും ജൎമ്മൻകാർ അപേക്ഷിച്ചിരിക്കുന്നു.

## സിദ്ധൌഷധക്കുറിപ്പുകൾ

തുമ്പ, കാട്ടപ്പ, കുപ്പമഞ്ഞൾ ഇവ കാടിവെള്ളത്തിൽ പുഴുങ്ങി ആ വെള്ളത്തിൽ ഇരുന്നിയാൽ അർശസ്സുകളെ കളയും.

ത്രിഫല, ത്രികോല്പക്കൊന്ന, കന്മദം, ഇവ പൊടിച്ച് തേനും പഞ്ചസാരയും ചേൎത്തു സേവിച്ചാൽ പ്രമേഹരോഗികൾക്കു മലശോധനയുണ്ടാകും.

പ്ലാശിൻകുരു, ഏരകിൻവേരു, തുളസിവേരു ഇവ കാടിവെള്ളത്തിൽ അരച്ചു സേവിക്ക. എല്ലാ ക്രിമിയേയും ശമിപ്പിക്കും.

## മനോഗുണ വിവരങ്ങൾ

പരസ്യം ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിലേക്ക് ഒരു രൂപാ മുമ്പേർ അടച്ചിരിക്കണം.

എന്റെ കുട്ടികളുടെ പനി നീങ്ങി കിട്ടിയതിനു കുസുമംവഴി കൎമ്മെലനാഥക്കു ഉപകാരസ്മരണ.

എം. ആർ. കോതമംഗലം.

ഉദ്ദിഷ്ടകാൎയ്യം സാധിച്ചു കിട്ടിയതിനു പരിശുദ്ധ കന്യകമറിയത്തിനു സ്തോത്രം ചെയ്തുകൊള്ളുന്നു.

ഇ. വി. സിലോൺ.

ഒരു കത്തോലിക്കാ പട്ടക്കാരന്റെ ഉപദേശമനുസരിച്ച് തിരുഹൃദയത്തോടു പ്രാൎത്ഥിച്ചതിനാൽ എന്റെ മകന്റെ നഷ്ടപ്പെട്ട ഉദ്യോഗം തിരിച്ചുകിട്ടിയതിന്റെ കൃതജ്ഞതയ്ക്കായി ഒരു പാട്ടുകുറുബാന ചൊല്ലിക്കയും കുസുമത്തിൽ പ്രസിദ്ധം ചെയ്കയും ചെയ്തിരിക്കുന്നു.

ഒരു യാക്കോബായക്കാരൻ. തിരുവല്ല.

കൎമ്മെലനാഥയുടെ സഹായത്താൽ എന്റെ ഭാൎയ്യയുടെ പ്രസവം അപത്തുകൂടാതെ കഴിഞ്ഞതിന്റെ ഉപകാരസ്മരണ. സി. സി. തൃശ്ശൂർ.

എന്റെ കുട്ടിക്കു പിടിപെട്ട അതികലശലായ സുഖക്കേടു വി. അന്തോനീസിന്റെ മദ്ധ്യസ്ഥതയാൽ സുഖപ്പെട്ടിരിക്കുന്നു. പി. വി. എം. തൃശ്ശൂർ.

കാണാതെ പോയ ഒരു സാധനം തിരുക്കുടുംബത്തിന്റെയും വി. അന്തോനീസിന്റെയും പ്രത്യേകാനുഗ്രഹത്താൽ കണ്ടുകിട്ടിയതിനു കുസുമംവഴി ഉപകാരസ്മരണ ചെയ്യുന്നു.

എം. ബി. സിലോൺ.

എനിക്കു ഹൃദയസമാധാനമുണ്ടാകാൻ കുസുമവായനക്കാർ തിരുഹൃദയത്തോടു പ്രാൎത്ഥിപ്പാറാകണം.

സി. വി. കുഴപ്പിള്ളി.

എന്റെ കുടുംബത്തിലെ ഛിദ്രങ്ങൾ നീങ്ങി സമാധാനം ഉണ്ടാകുന്നതിനും, വേറൊരാഗ്രഹം സാധിക്കുന്നതിനും കുസുമവായനക്കാർ പ്രാൎത്ഥിപ്പാനപേക്ഷ.

എൽ. വി. ജി. സിലോൺ.

കൎമ്മെല നാഥയുടെ ഉത്തരീയം കഴുത്തിൽ ധരിച്ചതിനാലേ, ഒന്നര വൎഷത്തോളം പീഡിപ്പിച്ച ഒരു സുഖക്കേടു നീങ്ങിക്കിട്ടിയതിനു ഉപകാരസ്മരണ.

എസ്. എസ്. തുരുത്തി.

കുസുമത്തിൽ പ്രസിദ്ധപ്പെടുത്താമെന്നുള്ള നേർച്ചയനുസരിച്ചു വി. അന്തോനീസിൻെറ മദ്ധ്യസ്ഥതാൽ ലഭിച്ച ഒരു വലിയ സഹായത്തിന്നു കൃതജ്ഞത.

പി. ജെ. തത്തംപള്ളി.

ഏറിയ നാളായി പല ചികിത്സകൾ കൊണ്ടു നിങ്ങാതിരുന്ന എൻെറ ക്ഷയരോഗം ലൂർദ് മാതാവിൻെറയും വി. അന്തോനീസിൻെറയും മാദ്ധ്യസ്ഥത്താൽ അത്ഭുതമായി ഭേദപ്പെട്ടിരിക്കുന്നു.

എസ്. എസ്. ചിറയിൻകീഴ്.

ഈശോയുടെ തിരുഹൃദയത്തിൻെറ അനുഗ്രഹത്താൽ എൻെറ തൊഴിലും മറെറല്ലാക്കാര്യങ്ങളും ശുഭമായി വരുന്നതിനുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിക്കണം.

റി. ജെ. ക്ലേ. ചങ്ങനാശേരി.

തിരുഹൃദയത്തിൻെറയും ചെങ്ങളം മാർ അന്തോനീസിൻെറയും സഹായത്താൽ കുടുംബത്തിൽ സമാധാനം ഉണ്ടായതിനു ഉപകാരസ്മരണ.

കെ എം. കാഞ്ഞിരപ്പള്ളി.

വി. അന്തോനീസിൻെറ സഹായത്താൽ പരീക്ഷയിൽ വിജയം പ്രാപിച്ചതിൻെറ കൃതജ്ഞത.

സി. എം. ഇ. മുട്ടത്താലി.

കായലിൽ വച്ചു നേരിട്ട ഒരു അപകടത്തിൽനിന്നു ചെങ്ങളത്തു മാർ അന്തോനീസിൻെറ സഹായത്താൽ രക്ഷപ്രാപിച്ചിരിക്കുന്നു. കെ. സി. കെ.

തിരുഹൃദയ കാരുണ്യത്താൽ പ്രമാദമായ ഒരു കേസ്സിൽനിന്നു രക്ഷപ്രാപിച്ചു. നേർച്ച അനുസരിച്ചു കുസുമത്തിൽ പരസ്യം ചെയ്തുകൊള്ളുന്നു. എ. ബി.

അനേകനാളായി ജോലി കിട്ടാതിരുന്ന എൻെറ ഒരു സ്നേഹിതനു തിരുഹൃദയത്തോടുള്ള അപേക്ഷയാൽ ജോലികിട്ടിയതിൽ കുസുമത്തിൽ പരസ്യപ്പെടുത്താമെന്നുള്ള പ്രതിജ്ഞയെ നിറവേററുന്നു.

എസ്. എസ്. എഫ്. മലാക്കാ.

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടിയും കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

അരിക്കുഴപ്പള്ളി വികാരി ഒണാട്ടു ബ. യാക്കോബച്ചൻ അവർകളുടെ സഹോദരി വാഴക്കുളം ഇടവക നെടുങ്കല്ലേൽ ശ്രീമതി ത്രേസ്യാമ്മ. സെപ്ററംബർ ൨൩-ാംനു- ൩൭ വയസ്സ്.

രാമപുരം തിരുഹൃദയ സഞ്ജീവിത സംഘത്തിൻെറ പ്രോത്സാഹകന്മാരിലൊരാളായ കട്ടക്കമ്മാക്കൽ മത്തായി അവർകൾ സെപ്ററംബർ ൨൭-ാംനു- ൩൫ വയസ്സ്.

പടയാററുപള്ളി ഇടവക ചോലങ്കരി മണലേൽ ഔസേപ്പു മകൾ ത്രേസ്യാക്കുട്ടി സെപ്ററംബർ ൨൯.

എഴുപുന്ന ലത്തീൻപള്ളി ഇടവക കാരിക്കോടത്തു ശ്രീമതി മറിയാമ്മ ഒക്ടോബർ ൭-ാംനു-.

മുളക്കുളത്തു ഇടവക വെളിയത്തുമാലിൽ മാത്തൻ അവർകൾ ഒക്ടോബർ ൧൪. ൮൪ വയസ്സ്.

മുരുങ്ങൂർ പള്ളി ഇടവക കരേടത്തു ശ്രീമതി അന്നാമ്മ ഒക്ടോബർ ൧൦. ൭൦ വയസ്സ്.

പള്ളു ഇടവക കുററിക്കാട്ടു ശ്രീമതി ഏലിയാമ്മ ഒക്ടോബർ ൧൭നു- ൫൦വയസ്സ്.

കാഞ്ഞിരപ്പള്ളി ഇടവക മുഞ്ഞനാട്ടു വറുഗീസ് മറിയമ്മ ആഗസ്റ്റ് ൨൪നു- ചൊവ്വാഴ്ച. വയസ്സ് ൩൫.

ഒരു മാതൃകാ യുവവൈദികനായിരുന്ന കാവാലം പള്ളിയുടെ അസിസ്റ്റൻറു വികാരി കുറവിലങ്ങാട്ടു ഇടവക മണക്കാട്ടു ബ. യാക്കോച്ചൻ അവർകൾ സെപ്ററമ്പർ ൩-ാംനു- വ്യാഴാഴ്ച ഉച്ചകഴിഞ്ഞു വിഷജ്വരത്താൽ നിര്യാതനായിരിക്കുന്നു. ഇദ്ദേഹം കുർബാനചൊല്ലപ്പെട്ടിട്ടു ഇനിയും രണ്ടുവർഷം തികഞ്ഞിട്ടില്ല.

# പി. പാപ്പിക്കമ്പനി, മാന്നാനം.

## റബ്ബേക്ക സാമാനങ്ങൾ

| ചൈനാപ്പട്ടു നീളം വളയം | | Rs. | as. | p. |
|---|---|---|---|---|
| ൧-ാം ചരട്ടു വളയം | ൧൨-ക്ക | 1 | 2 | 0 |
| ൨-ാം ,, പിരിച്ചതു ,, | ,, | 0 | 10 | 0 |
| ൩-ാം ,, ൨ | ,, | 0 | 9 | 0 |
| ൪-ാം ,, ൧ | ,, | 0 | 4 | 6 |
| ൧-ാം കമ്പി ൧ | ,, | 0 | 3 | 0 |
| ൨-ാം ,, ൧ | ,, | 0 | 3 | 6 |
| ൩-ാം ,, ൧ | ,, | 0 | 4 | 6 |
| ൪-ാം ,, ൧ | ,, | 0 | 5 | 0 |
| ആക്കമുടി വളയം ൧ | ,, | 0 | 12 | 0 |
| അല്പ്പസ്സ് ൧-ാംതരം ൧ | ,, | 0 | 6 | 0 |
| ടി. ൨-ാംതരം ൧ | ,, | 0 | 4 | 6 |
| ടി. ൩-ാംതരം ൧ | ,, | 0 | 3 | 0 |
| പെന്തി. (Bridge) ൧ | ,, | 0 | 3 | 0 |
| ആണി. (Screw) ൧ | ,, | 0 | 3 | 0 |
| പരന്തുവാൽ. ൧-ാംതരം ൧ | ,, | 0 | 12 | 0 |
| ടി. ൨-ാംതരം ൧ | ,, | 0 | 10 | 0 |
| ബ്രൂക്കബയണ്ടിംഗിനുള്ള | | | | |
| തങ്കം ബ്രൂക്ക ൧ | ,, | 2 | 0 | 0 |
| ടി. വെള്ളി ൧ | ,, | 0 | 8 | 0 |

## അലൂമിനം കാശുരൂപങ്ങൾ

| | | Rs. | as. | p. |
|---|---|---|---|---|
| No. a. (മുട്ടഭാഷ) | ഡസൻ 1ക്ക | 0 | 1 | 9 |
| നമ്പ്ര 1 സെൻറു ജോസഫ് | ,, ,, | 0 | 2 | 3 |
| 1251 ഇത്താല്യൻ കാശു. | ,, ,, | 0 | 5 | 0 |
| 100 വി. തോമ്മാശ്ലീഹാ. (വട്ടം) | ,, | 0 | 10 | 0 |
| 101 ടി. പിച്ചള | ,, ,, | 0 | 7 | 0 |
| 50 വി. കുർബാന. | ,, ,, | 0 | 14 | 0 |
| 53 തിരുഹൃദയം | ,, ,, | 0 | 14 | 0 |
| 56 ടി. | ,, ,, | 1 | 1 | 0 |
| 131 തിരുഹൃദയം. | ,, ,, | 1 | 1 | 0 |
| 6434 ,, | ,, ,, | 1 | 0 | 0 |

## അലൂ വെന്തിഞ്ഞ കാശുരൂപങ്ങൾ

| | | Rs. | as. | p. |
|---|---|---|---|---|
| 298 മുട്ടഭാഷ. ഡസൻ ൧ക്ക | ,, | 0 | 5 | 0 |
| 324 കക്കടവൃത്തം. | ,, | 0 | 5 | 0 |
| 231 നീണ്ടഭാഷ. | ,, | 0 | 7 | 0 |
| 337 വൃത്തം. | ,, | 0 | 7 | 0 |
| 338 വൃത്തം. | ,, | 0 | 10 | 0 |
| 7030 ചതിര എരട്ടത്തട്ട ചെറുതു് | ,, | 0 | 10 | 0 |
| 325 കക്കടവൃത്തം. | ,, | 0 | 10 | 0 |
| 342 കരിശുഭാഷ. | ,, | 0 | 10 | 0 |
| 7023 ചതിര ഒററത്തട്ട. | ,, | 0 | 12 | 0 |
| 7031 ചതുര എരട്ടത്തട്ട വലുതു് | ,, | 0 | 13 | 6 |
| 399 നക്ഷത്രഭാഷ. | ,, | 1 | 1 | 0 |
| 321 മുന്തിരിങ്ങാ വള്ളിക്കെട്ട്. | ,, | 1 | 1 | 0 |
| പളുങ്കുകാശു ൧-ാംതരം ഡസൻ ൧ | | 3 | 12 | 0 |
| ടി. ൨-ാംതരം ,, ൧ക്ക | | 3 | 0 | 0 |
| ടി. ൩-ാംതരം ,, ൧ക്ക | | 2 | 4 | 0 |

## പുസ്തകങ്ങൾ.

| | Rs. | as. | p. |
|---|---|---|---|
| 1 വ്യാകുലപങ്കപ്പാട്ടുചരിത്രം ൧ക്ക | 1 | 0 | 0 |
| 2 അന്തോനീസിൻ ചരിത്രം | 0 | 5 | 0 |
| 3 കൊച്ചുത്രേസ്യാ ചരിത്രം | 0 | 5 | 3 |
| 4 വ്യാകുലപ്രസംഗം | 0 | 4 | 6 |
| 5 ദേവമാതാവിൻ അമ്മാന | 0 | 8 | 0 |
| 6 ജ്ഞാനസുന്ദര്യാൾ അമ്മാന | 0 | 8 | 0 |
| 7 ചോദ്യാദിപാന | 0 | 3 | 6 |
| 8 പുത്തൻപാന | 0 | 4 | 6 |
| 9 ദേവമാതാവിൻ സ്തോത്രമാല | 0 | 2 | 3 |
| 10 സുറിയാനിപൂജസഹായം | 0 | 1 | 3 |
| 11 ശുദ്ധീകരവണക്കം | 0 | 13 | 6 |
| 12 ദേവാലയഗീതം (സുറിയാനി) | 0 | 10 | 0 |
| 13 നിത്യാരാധന 1ക്ക് | 2 | 0 | 0 |
| 14 പാശ്യൂഷസംഗ്രഹം 1ക്ക് | 0 | 10 | 0 |
| 15 ദിനചര്യം 1ക്ക് | 0 | 5 | 2 |
| 16 തിരുഹൃദയ വണക്കം 1ക്ക് | 0 | 10 | 0 |
| 17 അത്ഭുതലിലിപുഷ്പം 1ക്ക് | 0 | 4 | 0 |
| 18 കുടുംബ പ്രതിഷ്ഠ 1ക്ക് | 0 | 2 | 0 |
| 19 ദേവമാതാ. വണക്കം. | 0 | 13 | 6 |
| 20 മാർ യൌ. വണക്കം | 0 | 13 | 6 |
| 21 ടി. ക്രുട്ടിക്കത്തിയതു് | 1 | 6 | 0 |
| 22 ദേവമാ. അത്ഭുതചരിത്രം 1ക്ക | 0 | 12 | 0 |

## പടങ്ങൾ.

| | | Rs. | as. | p. |
|---|---|---|---|---|
| 8×10 വലിപ്പം | ,, | 1 | 12 | 0 |
| 13×17 ടി. | ,, | 5 | 4 | 0 |
| 16×20 ടി. | ,, | 6 | 12 | 0 |
| പ്രയർബുക്ക സയിസുപടങ്ങൾ | ,, | 0 | 4 | 6 |
| 240 പടമുള്ളപാളിപ്പടംപാളി ൧ക്ക | | 2 | 0 | 0 |

8×10, 13×17, 16×20, ടി. വലിപ്പങ്ങളിൽ തിരുഹൃദയ പ്രതിഷ്ഠയ്ക്കുതകുന്നതായ തിരുഹൃദയ പടങ്ങളും അത്ഭുതപ്രവൎത്തകനായ വി: അന്തോനീസ്, തിരുക്കുടുംബം, തങ്കവള്ളത്തോടുകൂടിയ മാതാവു, 17x13-ൽ സെൻറ് സബാസ്ത്യൻ, സെൻറ് ജോൎജ്ജ്, മുതലായ പലതരം പടങ്ങളുമുണ്ട്.

P. Pappy and Co.
Mannanam, Travancore.

☞ വ്പ അണയിൽ കുറഞ്ഞുവരുന്ന ആഡർകൾ ഗൌനിക്കുന്നതല്ല.

Registered No. M. 365. No: T. 24.

# BEST WRIST WATCH.



This is a very new style Watch. Its design and finish will satisfy the most critical test. Case gold gilt. Appearance is equal to solid gold, Glass crystaline, figures Roman or Arabic. Swiss mechanism, perfect timekeeper, Guaranteed for 3 Years.

| | | |
|---|---|---|
| Price | Rs. | 7-0-0 |
| Pure Silver. | | 8-4-0 |
| Nickel- | – | 6-0-0 |

# GERMAN ALARM TIMEPIECE.

Offered at Greatly reduced Price.

A cheap and very useful Alarm Timepiece, mechanism, 4 inches dial in nickel case. 30 hours key-less It will go in any position This timepiece can be easily taken in travelling cases. It is very useful for students and every one who has got to do anything in time It is equally useful for night duty man Whenever it is desired, that the alarm should ring, the little hand on the dial should be set, from the back of the alarm. At the time punctually, at that very moment, the alarm will ring. Guaranteed for 3 years.



Price Rs. 5/- only.

# LILLY OF THE VALLEY.



THE SCENT OF FRANCE

There is a mystic southern charm about "Lilly of the Valley" that delights the senses It is like a dream of a lower garden, and has been happily described as "an Inspiration in Perfume" wonderfully lasting and delightfully refreshing. Prepared in every form necessary for the perfectly harmonious toilet.

1 oz. Bottle 2-8. 1/2 oz -8.

1 Dram Bottle As. 12.

Sample Bottle Dozen Re. 1 4.

V. S. Watch Co.

P. B. No 105.

Madras.